
# അൽഖാഇദ അൽമദനിയ്യ

തുടക്കക്കാർക്ക് അറബി ഭാഷ
പഠനത്തിന് ഒരു സഹായി

ഇരു ഹറമുകളിലെയും ഖുർആൻ, മുതൂൻ
ക്ലാസുകളിലെ പാഠപുസ്തകം




ഡോ : ശൈഖ് അബ്ദുൽ മുഹ്സിൻ അൽ ഖാസിം
(മദീന മസ്ജിദുന്നബവിയിലെ ഇമാമും ഖതീബും)

باللغة المليبارية

# അൽഖാഇദ

**തുടക്കക്കാർക്ക് അറബി ഭാഷ പഠനത്തിന്**

**ഒരു സഹായി**

# അൽ ഖാഇദ അൽമദനിയ്യ

തുടക്കക്കാർക്ക് അറബി ഭാഷ പഠനത്തിന് ഒരു സഹായി

ഇരു ഹറമുകളിലെയും ഖുർആൻ , മുതൂൻ ക്ലാസുകളിലെ പാഠപുസ്തകം

**ഡോ: അബ്ദുൽ മുഹ്സിൻ അൽ ഖാസിം**
(മദീന മസ്ജിദുന്നബവിയിലെ ഇമാമും ഖതീബും)

# ആമുഖം

الحمد لله رب العالمين والصلاة والسلام على نبينا محمد وعلى آله وصحبه أجمعين أما بعد:

മുസ്ലിം ഉമ്മത്തിന്റെ ശ്രേഷ്ഠത ഇൽമാണ്, ഖുർആനിൽ ആദ്യമായി അവതരിച്ച ആയത്തുതന്നെ ഇൽമ് നേടാൻ പ്രോത്സാഹിപ്പിക്കുന്നു, അള്ളാഹു പറഞ്ഞു:

﴿ٱقۡرَأۡ بِٱسۡمِ رَبِّكَ ٱلَّذِي خَلَقَ﴾[العلق: ١]

"സൃഷ്ടിച്ചവനായ നിൻറെ രക്ഷിതാവിൻറെ നാമത്തിൽ വായിക്കുക."
[അലഖ് :1]

ഇൽമ് നേടുന്നതിന്റെ ഒന്നാം പടി വായനയായതുകൊണ്ട് തന്നെ വായന അഭ്യസിക്കാൻ ആവശ്യമായ അടിസ്ഥാന പാഠങ്ങൾ ക്രോഡീകരിക്കാൻ ഞാൻ തീരുമാനിച്ചു.ചുരുങ്ങിയ സമയത്തിനുള്ളിൽ പഠിച്ചെടുക്കുന്ന രൂപത്തിൽ അനിവാര്യമായ പാഠങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളിച്ചുകൊണ്ട് ലളിതമായ ശൈലിയിലാണ് ഈ ഗ്രന്ഥം തയ്യാറാക്കിയത്. "അൽ ഖാഇദത്തുൽ മദനിയ്യ "എന്ന് ഞാൻ ഇതിനെ നാമകരണം ചെയ്തിരിക്കുന്നു. അല്ലാഹു ഇത് ഉപകാരപ്രദമാക്കുകയും അവൻറെ വജ്ഹ് മാത്രം ഉദ്ദേശിച്ചു കൊണ്ടുള്ള ഒരു അമലായി സ്വീകരിക്കുകയും ചെയ്യുമാറാകട്ടെ.

അല്ലാഹുവിൽ നിന്നുള്ള സലാമും സ്വലാത്തും നബിﷺയുടെ മേലും അവിടുത്തെ കുടുംബങ്ങളുടെ മേലും എല്ലാ സ്വഹാബത്തിന്റെ മേലും വർഷിക്കുമാറാകട്ടെ.

മസ്ജിദു ന്നബവിയിലെ ഇമാമും ഖത്തീബുമായ ഡോ : അബ്ദുൽ മുഹ്സിൻ ഇബ്ൻ മുഹമ്മദ് അൽഖാസിം ഹിജ്റ 1441 വലിയ പെരുന്നാൾ ദിവസം ഇത് എഴുതി പൂർത്തിയാക്കി.

# ഗ്രന്ഥകർത്താവിനു പറയാനുള്ളത്

1. ആധികാരികമായ ഭാഷാ ഗ്രന്ഥങ്ങളുടെ വെളിച്ചത്തിലുള്ള രചന.
2. തുടക്കക്കാരായ വിദ്യാർഥികൾക്ക് ആവശ്യമായ എല്ലാ നിയമങ്ങളും ഉൾക്കൊള്ളുന്നത്.
3. വായിച്ചു പരിശീലിക്കാനുള്ള പാഠങ്ങൾ തുടങ്ങുന്നതിന് മുമ്പായി അക്ഷരങ്ങളും അവയുടെ പേരുകളും ഉച്ചാരണവും ഉൾക്കൊള്ളുന്ന ആമുഖം.
4. പതിമൂന്ന് അധ്യായങ്ങളും ഓരോ അധ്യായത്തിലും ഒന്നിലധികം പാഠങ്ങളുമായി പുസ്തകം വിഭജിച്ചിരിക്കുന്നു.
5. പാഠങ്ങൾ വിദ്യാർത്ഥിയുടെ ഗഹന പുരോഗതിക്ക് അനുസരിച്ച് മനഃശാസ്ത്രപരമായി ക്രമീകരിച്ചിരിക്കുന്നു.
6. കഴിഞ്ഞ പാഠങ്ങളിലെ വിഷയങ്ങൾ പഠിതാവ് മറന്നു പോകാതിരിക്കുന്ന വിധത്തിൽ പാഠങ്ങൾ തമ്മിൽ ബന്ധം നിലനിർത്തിയിരിക്കുന്നു.
7. ഓരോ പാഠത്തിലും അത് പഠിക്കുന്നതിലൂടെ വിദ്യാർത്ഥി സ്വായത്തമാകേണ്ട ലക്ഷ്യം വ്യക്തമായി പരാമർശിക്കുന്നു.
8. ഓരോ പാഠത്തിൻറെയും തുടക്കത്തിൽ അതാത് പാഠം പഠിപ്പിക്കുമ്പോൾ അധ്യാപകൻ സ്വീകരിക്കേണ്ട അധ്യാപന ശൈലി വ്യക്തമാക്കുന്നു.
9. ചുരുങ്ങിയ സമയത്തിനുള്ളിൽ വായന പഠിച്ചെടുക്കാൻ സഹായിക്കുന്ന രീതി ശാസ്ത്രം.
10. വായനയുടെ പ്രധാനപ്പെട്ട ചില നിയമങ്ങൾ പഠിതാവ് പിഴവ് കൂടാതെ നന്നായി മനസ്സിലാക്കുവാൻ അത്തരം നിയമങ്ങൾക്ക് മാത്രമായി പ്രതേക അധ്യായങ്ങളും പാഠങ്ങളും തയ്യാറാക്കിയിരിക്കുന്നു. അത്തരം പ്രധാന നിയമങ്ങളിൽ ചിലത് താഴെ കൊടുക്കുന്നു .:-
    - A. ഹംസ . (പൊതുവേ ഇല്ലത്തിന്റെ അക്ഷരത്തോട് ചേർന്ന് വരുന്നതിനാൽ)
    - B. നീട്ടി വായിക്കേണ്ട ഹംസ. (രണ്ട് ഹംസയോ അല്ലെങ്കിൽ ഒരു ഹംസയും അലിഫോ അതിൽ വരുന്നതിനാൽ)
    - C. ദീർഘമില്ലാത്ത അലിഫ്. (എഴുത്തിൽ യാഇനോട് സാദൃശ്യം ഉള്ളതിനാൽ)
    - D. ഹംസതുൽ ഖത്ഉം വസ് ലും, കെട്ടുള്ള താ , ശംസിയ്യ ഖമരിയ്യ ലാമുകൾ.
    - E. സാധാരണ നീട്ടുന്ന മദ്ദ്. (അറബിയിൽ ധാരാളമായി ഉപയോഗമുള്ളതിനാൽ)
    - F. ബഹുവചനത്തെ സൂചിപ്പിക്കുന്ന വാവിനു ശേഷം വരുന്ന അലിഫ്.
    - G. ഖുർആൻ പാരായണത്തിനുള്ള ചില പ്രത്യേക നിയമങ്ങൾ.
    - H. (൦ മുതൽ 20)വരെയുള്ള അക്കങ്ങൾ.
11. അക്ഷരങ്ങൾ പഠിച്ചതിനുശേഷം പദങ്ങൾ വായിച്ചു പഠിക്കാനുള്ള ഭാഗം അഞ്ചായി വേർതിരിച്ചിരിക്കുന്നു .രണ്ടു വാക്കുകൾ,മൂന്നു വാക്കുകൾ,നാലു വാക്കുകൾ ,വാചകങ്ങൾ,ഖണ്ഡികകൾ എന്നിങ്ങനെ.

12. ഫത്ഹ് (അ-കാരം) കസ്ർ (ഇ- കാരം) ളമ്മ (ഉ-കാരം) സുകൂൻ എന്നീ ക്രമത്തിലാണ് ഹറകത്തുകൾ പഠിപ്പിക്കുന്നത്.

13. ഹറകതുകളും സൂകൂനും വരുന്ന അക്ഷരങ്ങൾ പഠിപ്പിക്കുമ്പോൾ ഉദാഹരണത്തിനായി മൂന്ന് അക്ഷരമുള്ള വാക്കുകൾ മാത്രം ചേർത്തിരിക്കുന്നു.

14. രണ്ടു മുതൽ അഞ്ചു വരെയുള്ള ഓരോ അധ്യായത്തിന്റെ പ്രാരംഭത്തിലും എല്ലാ അറബി ഭാഷ അക്ഷരങ്ങളും ഒന്നു കൂടി ആവർത്തിക്കുകയും തുടർന്ന് അതാത് അധ്യായത്തിൽ പഠിപ്പിക്കുന്ന നിയമങ്ങൾ ഉദാഹരണസഹിതം വിശദീകരിക്കുകയും ചെയ്തിരിക്കുന്നു .

15. ഓരോ വാക്കുകളും വ്യക്തമായി ഹറകത്തുകൾ സഹിതം എഴുതിയിരിക്കുന്നു .

16. അറബി ഭാഷയുടെ അടിസ്ഥാനം ഖുർആനും സുന്നത്തും ആയത് കൊണ്ട് അവയിൽ നിന്നുള്ള ഉദാഹരണങ്ങൾ മാത്രം ഉൾപ്പെടുത്തിയിരിക്കുന്നു.

17. വ്യക്തവും ലളിതവുമായ ഉദാഹരണങ്ങൾ മാത്രം.

18. വായന പഠിക്കുന്നതിനോടൊപ്പം പഠിതാവ് ഇസ്ലാമിക തർബിയത്ത് നേടിയെടുക്കാനായി ;അഖീദ,അദാബ് തുടങ്ങിയ വിഷയങ്ങളുമായി ബന്ധമുള്ള പദങ്ങൾ വായിച്ചു പഠിക്കാനുള്ള ഉദാഹരണങ്ങളായി ഉൾക്കൊള്ളിച്ചിരിക്കുന്നു

19. ഉദാഹരണങ്ങളിൽ അക്ഷരമാല ക്രമം പാലിച്ചിരിക്കുന്നു.

20. ഉദാഹരണങ്ങളിൽ ഒരേ പദം ആവർത്തിക്കുകയില്ല അതിനാൽ പഠിതാവ് ധാരാളം പുതിയ പദങ്ങൾ പഠിക്കുന്നു.

21. അക്ഷരങ്ങളും ഉദാഹരണങ്ങളും വ്യത്യസ്ത നിറങ്ങളിലായി (വെള്ളയും പച്ചയും) പട്ടികയിൽ വേർതിരിച്ച് നൽകിയിരിക്കുന്നു.

22. ഓരോ പാഠത്തിലും പുതുതായി പഠിപ്പിക്കുന്ന അക്ഷരങ്ങളും ഹറകതുകളും ചുവപ്പു നിറത്തിൽ കൊടുത്തിരിക്കുന്നു.

23. അറബി ഭാഷ കേട്ട് ശീലിക്കുന്നതിനും വായന ശരിയാക്കുന്നതിനും സഹായകരമാകുന്ന തരത്തിൽ ഈ കിതാബിന്റെ അറബി റെക്കോർഡിങ് തയ്യാറാക്കിയിരിക്കുന്നു.

24. വായനയോടൊപ്പം അറബി എഴുത്തും പരിശീലിക്കുന്നതിന് ഈ കിതാബ് കൂടി "തഅ്ലീമുൽ കിതാബ" എന്ന ഒരു പുസ്തകം കൂടി തയ്യാറാക്കിയിരിക്കുന്നു

# അൽ ഖാഇദതുൽമദനിയ്യയുടെ സവിശേഷതകൾ


1. ഭാഷാഗ്രന്ഥങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത അടിസ്ഥാന തത്വങ്ങൾ വിവരിക്കുന്നു.
2. വായനയുടെ അടിസ്ഥാന നിയമങ്ങൾ പൂർണമായും ഉൾക്കൊള്ളുന്നു.
3. വായന അഭ്യസിക്കാൻ ലളിതമായ ശൈലി.
4. ഘട്ടം ഘട്ടമായ പരിശീലനം.
5. കുറഞ്ഞ സമയത്തിനുള്ളിൽ വായന പരിശീലിക്കാൻ സഹായിക്കുന്നു .
6. ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നുമുള്ള ഉദാഹരണങ്ങൾ.
7. ലളിതവും വ്യക്തവുമായ ഉദാഹരണങ്ങൾ.
8. ഉദാഹരണങ്ങളിൽ ആവർത്തനമില്ല.
9. ഉദാഹരണമായി കൊടുത്ത പദങ്ങളിൽ അഖീദയും സ്വഭാവവും ബന്ധപ്പെട്ട പദങ്ങൾ.
10. കൂടെ എഴുതി പഠിക്കാനുള്ള പുസ്തകം.

## അൽ ഖാഇദതുൽ മദനിയ്യയുടെ ലക്ഷ്യങ്ങൾ.

**ഈ പുസ്തകം പൂർത്തീകരിക്കുന്നതിലൂടെ വിദ്യാർഥി അല്ലാഹുവിന്റെ സഹായത്താൽ താഴെ പറയുന്ന കാര്യങ്ങൾ പഠിക്കും :**

- അക്ഷരമാലയിലെ അക്ഷരങ്ങളും അവയുടെ രൂപങ്ങളും മനസ്സിലാക്കുക.
- അക്ഷരമാല ശരിയായ രൂപത്തിൽ വായിക്കാൻ പരിശീലിക്കുക.
- ഹറകതുകളും സുകൂനും മനസ്സിലാക്കുക.
- അക്ഷരങ്ങൾ ഹറകത്തു ചേർക്കുമ്പോഴും സുക്കൂൻ ചേർക്കുമ്പോഴും എങ്ങനെയാണ് വായിക്കുക എന്ന് വേർതിരിച്ച് മനസ്സിലാക്കുക.
- തൻവീൻ എന്താണെന്ന് പരിചയപ്പെടുക.
- തൻവീനോട് കൂടിയുള്ള അക്ഷരങ്ങൾ വായിക്കാൻ പഠിക്കുക..
- ശദ്ദയും ഹറകതുകളും ചേർക്കുമ്പോൾ അക്ഷരങ്ങളിൽ വരുന്ന മാറ്റങ്ങൾ മനസ്സിലാക്കുക.
- ശദ്ദയുള്ള അക്ഷരങ്ങൾ ഹറകതുകൾ മാറുമ്പോൾ എങ്ങനെ വായിക്കും എന്ന് പഠിക്കുക.
- ശദ്ദയുള്ള / തൻവീനുള്ള അക്ഷരങ്ങൾ വായിക്കാൻ പഠിക്കുക..
- ശദ്ദയും തൻവീനും ഒരുമിച്ച് വരുന്ന വാക്കുകൾ വായിക്കാൻ പരിശീലിക്കുക.
- ഹംസതുൽ ഖത്ഇം ഹംസത്തുൽ വസ്ലും വേർതിരിച്ച് എഴുതാനും വായിക്കാനും പരിശീലിക്കുക..
- സാധാരണ മദ്ദിന്റെ അക്ഷരങ്ങൾ ഏതൊക്കെയെന്ന് മനസ്സിലാക്കുക.
- ബഹുവചനത്തിന്റെ വാവ് കഴിഞ്ഞ് വരുന്ന അലിഫ് തിരിച്ചറിയുക.
- ചേർത്ത് വായിക്കുമ്പോഴും നിറുത്തി വായിക്കുമ്പോഴും കെട്ടുള്ള താ എങ്ങനെ വായിക്കണം എന്നത് പരിചയപ്പെടുക.
- പദങ്ങളും വാക്യങ്ങളും ഖണ്ഡികകളും തെറ്റില്ലാതെ വായിക്കുക .
- ഉഥ്മാനി ലിപിയിലുള്ള ഖുർആൻ തെറ്റു കൂടാതെ വായിക്കുക
- അക്കങ്ങൾ തെറ്റു കൂടാതെ ഉച്ചരിക്കാൻ പഠിക്കുക.

# പാഠ്യപദ്ധതിയുടെ ക്രമീകരണം




**പാഠം 1**
അക്ഷരങ്ങൾ

**പാഠം 2**
അക്ഷരങ്ങൾ ഹറകാതുകളും സുകൂനോടും കൂടി

**പാഠം 3**
അക്ഷരങ്ങൾ തൻവീനോട് കൂടി

**പാഠം 4**
അക്ഷരങ്ങൾ ശദയും ഹറകാതുകളും കൂടി

**പാഠം 5**
അക്ഷരങ്ങൾ ശദയോടും തൻവിനോടും കൂടി

**പാഠം 6**
ഹംസത്തുൽ കാത്ഉം ഹംസത്തുൽ വസലും

**പാഠം 7**
സാധാരണ നീട്ടേണ്ട മദ്ദ്

**പാഠം 8**
ബഹുവചനത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന വാവ് നു ശേഷമുള്ള അലിഫ്

**പാഠം 9**
കെട്ടുള്ള താ

**പാഠം 10**
ശംസിയ്യ ,ഖമരിയ്യ ലാമുകൾ

**പാഠം 11**
വാക്കുകൾ വായിക്കുക

**പാഠം 12**
ഖുർആനിലെ ലിപിയുടെ ഭാവങ്ങൾ

**പാഠം 13**
അക്കങ്ങൾ

# മുഖവുര

അദ്ധ്യാപകരുടെ ശ്രദ്ധക്ക്

അറബി ഭാഷയിൽ 28 അക്ഷരങ്ങളാകുന്നു , അവ ഓരോന്നിനും അവയുടെ പേരും രൂപവും ഉച്ചാരണവുമുണ്ട്. അവ ഇപ്രകാരമാകുന്നു :

| രൂപം | പേര് (1) | | ശബ്ദം | |
|---|---|---|---|---|
| (2) ا | أَلِف | അലിഫ് | ا | Ā |
| (3) ب | بَاء | ബാ | بَ | Ba |
| ت | تَاء | താ | تَ | Ta |
| ث | ثَاء | സ | ثَ | Tha |
| ج | جِيم | ജീം | جَ | Ja |
| ح | حَاء | ഹാ | حَ | Ḥa |
| خ | خَاء | ഖാ | خَ | Kha |
| د | دَال | ദാൽ | دَ | Da |
| ذ | ذَال | സാൽ | ذَ | Dha |
| ر | رَاء | റാ | رَ | Ra |
| ز | زَاي | സായ് | زَ | Za |
| س | سِين | സീൻ | سَ | Sa |
| ش | شِين | ശീൻ | شَ | Sha |
| ص | صَاد | സ്വാദ് | صَ | Ṣa |

| രൂപം | പേര് | | ശബ്ദം | |
|---|---|---|---|---|
| ض | ضَاد | സാദ് | ضَ | Ḍa |
| ط | طَاء | ത്വാ | طَ | Ṭa |
| ظ | ظَاء | സാ | ظَ | Ẓa |
| ع | عَين | അയ്ൻ | عَ | ‘A |
| غ | غَين | ഗയ്ൻ | غَ | Gha |
| ف | فَاء | ഫാ | فَ | Fa |
| ق | قَاف | ക്വാഫ് | قَ | Qa |
| ك | كَاف | കാഫ് | كَ | Ka |
| ل | لَام | ലാം | لَ | La |
| م | مِيم | മീം | مَ | Ma |
| ن | نُون | നൂൻ | نَ | Na |
| هـ | هَاء | ഹാ | هَـ | Ha |
| و | وَاو | വാവ് | وَ | Wa |
| ي | يَاء | യാ | يَ | Ya |

[1] അക്ഷരങ്ങളുടെ പേരുകൾ വായിക്കുമ്പോൾ അവസാന അക്ഷരത്തിന് സുകൂൻ കൊടുത്ത് നിർത്തണം. കൂട്ടി വായിക്കുകയാണ്ണെങ്കിൽ ഇരട്ട ദമ്മ(ٌ)കൊടുത്ത് വായിക്കേണ്ടതാണ്.

[2] അലിഫ് എന്നത് സാകിനതായ അക്ഷരമാകുന്നു , അതിന് മുന്നേ ഉള്ള അക്ഷരത്തിന് ഫത്ഹ ആയിരിക്കും , അത് കൊണ്ട് അതിന്റെ ശബ്ദം മുമ്പുള്ള അക്ഷരത്തിന്റെ കൂടെ വായിക്കുമ്പോൾ മാത്രമാണ് വെളിവാകുന്നത് (با ، تا) അതിന്റെ ശബ്ദത്തിന്റെ അളവ് രണ്ട് ഹറകത് നേരം ആകുന്നു.

[3] ഇതിന്റെ ശബ്ദം ഒരു ഹറകത് നേരമാകുന്നു. അത് പോലെ തന്നെയാണ് ബാക്കി അക്ഷരങ്ങളും.

# പാഠം : ഒന്ന്

## അക്ഷരങ്ങൾ

### ലക്ഷ്യങ്ങൾ :

**ഈ പാഠം കഴിയുന്നതോടു കൂടി വിദ്യാർത്ഥി അല്ലാഹുവിന്റെ സഹായത്താൽ ഈ കാര്യങ്ങൾക്ക് പ്രാപ്തനായിരിക്കും :-**

- അറബി അക്ഷരങ്ങൾ പഠിക്കുക.
- തെറ്റുകൂടാതെ അക്ഷരങ്ങൾ വായിക്കാൻ സാധിക്കുക .
- അക്ഷരങ്ങളുടെ രൂപങ്ങൾ വേർതിരിച്ചറിയുക.
- വിവിധ രൂപങ്ങളിലുള്ള അറബി അക്ഷരങ്ങൾ വായിക്കാൻ സാധിക്കുക.
- ഹംസതുൽ ഖത്ഉം വസ്ലും വേർതിരിച്ച് മനസ്സിലാക്കാനും വായിക്കാനും പരിശീലിക്കുക.
- നീട്ടി വായിക്കുന്ന ഹംസ വായിക്കേണ്ട രീതി പഠിക്കുക.
- ദീർഘമില്ലാത്ത അലിഫ് വായിക്കാൻ പഠിക്കുക.

## അദ്ധ്യാപകനുള്ള നിർദേശങ്ങൾ

### ❖ വായിക്കേണ്ട രീതി :

**- ഒന്നാമത്തെ പാഠത്തിന്റെ വിശദീകരണം (പേജ്:15)**

മുഖവുരയിൽ (പേജ്:15) ൽ വിശദീകരിച്ച പ്രകാരം വിദ്യാർത്ഥി അക്ഷരത്തിന്റെ നാമം വായിക്കുക.
ഉദാഹരണമായി ; ( ا ) എന്നത് (അലിഫ്) എന്നും, ( ب ) എന്നത് (ബാഅ്) എന്നും, ( ج ) എന്നത് (ജീം) എന്നും, ( ز ) എന്നത് (സായ്) എന്നും വായിക്കുക

---

**- രണ്ടാമത്തെ പാഠത്തിന്റെ വിശദീകരണം (പേജ് 16)**

മുഖവുരയിൽ (പേജ്:11) വിശദീകരിച്ച പ്രകാരം വ്യത്യസ്ത രൂപത്തിൽ വരുന്ന അക്ഷരത്തിന്റെ പേര് വായിക്കുക.
ഉദാഹരണമായി ; മദ്ധ്യത്തിലും അവസാനത്തിലും വരുന്ന ( ج ) നെ (ജീം) എന്ന് വായിക്കുക

**ശ്രദ്ധിക്കുക:** ഈ പാഠത്തിൽ അക്ഷരം മദ്ധ്യത്തിലും അവസാനത്തിലും വരുമെന്നത് വിദ്യാർത്ഥിയോട് പറയാതിരിക്കുക. വ്യത്യസ്ത രൂപത്തിൽ വരുമ്പോൾ അക്ഷരത്തിന്റെ നാമം വായിക്കാൻ മനസ്സിലാക്കിയാൽ മതിയാകും.

---

**മൂന്നാമത്തെ പാഠത്തിന്റെ വിശദീകരണം (പേജ് 20)**

(ئ – ـئـ – ؤ – إ – أ – ء) എന്നിങ്ങനെ വ്യത്യസ്തമായി എഴുതപ്പെടുന്ന അക്ഷരത്തിന്റെ നാമം "ഹംസ" യെന്ന് വായിക്കുക.

---

**- നാലാം പാഠത്തിന്റെ വിശദീകരണം (പേജ് നമ്പർ 20)**

- നീട്ടി വായിക്കാനുള്ള ഹംസ : മുകളിൽ മദ്ദിന്റെ അടയാളമായ ( آ ) എന്ന് നൽകി അലിഫിന്റെ രൂപത്തിലാണ് ഇത് എഴുതുക.
ഈ പാഠത്തിൽ വായിക്കുമ്പോൾ അതിന്റെ പേരായ 'ഹംസ മംദൂദ' എന്ന് വായിക്കണം. എന്നാൽ ബാക്കിയുള്ള പാഠങ്ങളിൽ അതിന്റെ ശബ്ദമായ (ആ) എന്ന് മാത്രം വായിച്ചാൽ മതി.

**ശ്രദ്ധിക്കുക :**

ഒരു വാക്കിന്റെ ആദ്യം ഹംസ ഫത്ഹ ഉള്ളതായി വരികയും അതിന്റെ അടുത്ത അക്ഷരമായി നീട്ടാനുള്ള അലിഫ് സാകിനതായി വരികയും ചെയ്യുക. ഉദാ: ([redacted]) അത് (آذان) എന്നാണ് എഴുതുക ഇനി മദ്ധ്യത്തിൽ വന്നാൽ ഉദാ: (رأْء) അത് (رآء) എന്നാണ് എഴുതേണ്ടത്.അത് പോലെ തന്നെ (قرأان) അത് ([redacted]) എന്നാണ് എഴുതേണ്ടത്.

---

**- അഞ്ചാം പാഠത്തിന്റെ വിശദീകരണം (പേജ് 20)**

– അലിഫുൻ മഖ്സൂറ : ഒരു വാക്കിന്റെ അവസാനത്തിൽ താഴെ രണ്ട് പുള്ളിയില്ലാതെ യാ രൂപത്തിലാണ് അത് എഴുതുക (ى) .

– ഈ പാഠത്തിൽ വായിക്കുമ്പോൾ അതിനെ 'അലിഫുൻ മഖ്സൂറ' എന്ന് വായിക്കണം. എന്നാൽ ബാക്കിയുള്ള പാഠങ്ങളിൽ അതിന്റെ ശബ്ദമായ (അ) മാത്രം വായിച്ചാൽ മതി.

## പാഠം 1

# അറബി അക്ഷരങ്ങൾ

| | | | | |
|---|---|---|---|---|
| ث | ت | ب | ا | |
| خ | ح | ج | | |
| ز | ر | ذ | د | |
| ض | ص | ش | س | |
| غ | ع | ظ | ط | |
| ل | ك | ق | ف | |
| ي | و | ه | ن | م |

## പാഠം 2
## അറബി അക്ഷരങ്ങളുടെ രൂപങ്ങൾ

| | | | |
|---|---|---|---|
| ـا | ـا | ا | ا |
| ـب | ـبـ | بـ | ب |
| ة ـة ـت | ـتـ | تـ | ت |
| ـث | ـثـ | ثـ | ث |
| ـج | ـجـ | جـ | ج |
| ـح | ـحـ | حـ | ح |
| ـخ | ـخـ | خـ | خ |

| | | | |
|---|---|---|---|
| ـد | ـد | د | د |
| ـذ | ـذ | ذ | ذ |
| ـر | ـر | ر | ر |
| ـز | ـز | ز | ز |
| ـس | ـسـ | سـ | س |
| ـش | ـشـ | شـ | ش |
| ـص | ـصـ | صـ | ص |
| ـض | ـضـ | ضـ | ض |

| | | | |
|---|---|---|---|
| ـط | ـطـ | طـ | ط |
| ـظ | ـظـ | ظـ | ظ |
| ـع | ـعـ | عـ | ع |
| ـغ | ـغـ | غـ | غ |
| ـف | ـفـ | فـ | ف |
| ـق | ـقـ | قـ | ق |

| | | | |
|---|---|---|---|
| ـك | ـكـ | كـ | ك |
| ـل | ـلـ | لـ | ل |
| ـم | ـمـ | مـ | م |
| ـن | ـنـ | نـ | ن |
| ه ـه | ـهـ | هـ | ه |
| ـو | ـو | و | و |
| ـي | ـيـ | يـ | ي |

## പാഠം 3
## ഹംസകൾ

ء ഹംസ യുടെ രൂപം

| | | |
|---|---|---|
| ـإ إ | ـأ أ | ء |
| ـئ ئ | ـئـ ئـ | ـؤ ؤ |

## പാഠം 4
## നീട്ടാനുള്ള ഹംസ

آ നീട്ടുന്ന ഹംസയുടെ രൂപങ്ങൾ

| | |
|---|---|
| ـآ | آ |

## പാഠം 5
## ദീർഘമില്ലാത്ത അലിഫ്

ى ദീർഘമില്ലാത്ത അലിഫിന്റെ രൂപങ്ങൾ

| | |
|---|---|
| ـى | ى |

## പാഠം : രണ്ട്

# അക്ഷരങ്ങൾ സുകൂനും ഹറകതുകളോടും കൂടി

### ലക്ഷ്യങ്ങൾ

**ഈ പാഠം കഴിയുന്നതോടു കൂടി വിദ്യാർത്ഥി അല്ലാഹുവിന്റെ സഹായത്താൽ ഈ കാര്യങ്ങൾക്ക് പ്രാപ്തനായിരിക്കും :-**

- സുകൂനും ഹറകതുകളും വേർതിരിച്ചു അറിയാൻ കഴിയുക.
- സുകൂനും ഹറകതുകളും ഉള്ള അക്ഷരങ്ങൾ ശരിയായ രീതിയിൽ വായിക്കാൻ സാധിക്കുക.

## അദ്ധ്യാപകനുള്ള നിർദേശങ്ങൾ

**ഹറകത്** : അക്ഷരത്തിന്റെ താഴെയോ മുകളിലോ അതിന്റെ ശബ്ദത്തെ വ്യക്തമാക്കാനായി ഇടുന്നത്.

**ഫത്ഹ** : അക്ഷരത്തിന്റെ മുകളിൽ ഇടുന്ന ഒരു വര പോലെയുള്ളത് ( ◌َ )

**കസ്റ** : അക്ഷരത്തിന്റെ താഴെ ഇടുന്ന ചെറിയ വര പോലെയുള്ളത്. ( ◌ِ )

**ദമ്മ** : അക്ഷരത്തിന്റെ മുക്കളിൽ ചെറിയ വാവ് പോലെ ഇടുന്നത്. ( ◌ُ )

**സുകൂൻ** : അക്ഷരത്തിന്റെ മുകളിൽ ഒരു വട്ടം പോലെ ഇടുന്നത്. ( ◌ْ )

---

## ❖ വായിക്കേണ്ട രീതി

### പാഠം 1,2,3 എന്നിവയുടെ വിശദീകരണം (പേജ് നമ്പർ 23,26,29)

പഠിതാവ് അക്ഷര ങ്ങളുടെ ശബ്ദങ്ങൾ ഹറകാതുകൾകൊപ്പം വായിക്കുക أُ - إِ - أَ

---

### പാഠം 1,2,3 എന്നിവയിലെ ഉദാഹരണങ്ങളുടെ വിശദീകരണം (പേജ് നമ്പർ 24,27, 30)

1-ആദ്യത്തെ കള്ളിയിലെ അക്ഷരത്തിന്റെ ശബ്ദം അതിലെ ഹറകതതോട് കൂടി വായിക്കുക. (أَ)

2- രണ്ടാമത്തെ കള്ളിയിലെ ആദ്യത്തെ അക്ഷരത്തിന്റെ ശബ്ദം അ ഹറകതോടെ വായിക്കുക (أَ), പിന്നീട് രണ്ടാമത്തെ അക്ഷരം അതിലെ ഹറക്കത്തിന്റെ ശബ്ദത്തോട് കൂടി വായിക്കുക(خَ), പിന്നീട് അവ മുഴുവനും വായിക്കുകയും ചെയ്യുക (أَخَ)

3- മൂന്നാമത്തെ കള്ളിയിൽ രണ്ടാമത്തെ കള്ളിയിൽ ചെയ്ത പോലെ ചെയ്യുകയും മൂന്നാമത്തെ കള്ളിയിലെ അക്ഷരത്തിന്റെ ശബ്ദം ഹറകതതോടെ വായിക്കുകയും (ذَ) പിന്നീട് ആ വാക്ക് മുഴുവനായി വായിക്കുകയും ചെയ്യുക.(أَخَذَ)

4- കസ്റിന്റെയും ദമ്മിന്റെയും പാഠത്തിലും ഇതുപോലെ ചെയ്യുക.

---

### പാഠം നാലിന്റെ വിശദീകരണം (പേജ് നമ്പർ 32)

ആദ്യത്തെ അക്ഷരം അതിന്റെ ഹറകതോട് കൂടി വായിക്കുക.(أَ) എന്നിട്ട് രണ്ടാമത്തെ സുകൂനുള്ള അക്ഷരവുമായി അത് ചേർത്ത് വായിക്കുക. (أَبْ) കാരണം സുകൂനുള്ള അക്ഷരം ഒറ്റക്ക് വായിക്കൽ പ്രയാസകരമാണ്.

---

### നാലാം പാഠത്തിലെ ഉദാഹരണങ്ങളുടെ വിശദീകരണം (പേജ് നമ്പർ 33)

ആദ്യത്തെ കള്ളിയിൽ : ആദ്യത്തെ അക്ഷരം അതിന്റെ ഹറകതോട് കൂടി വായിക്കുക. (بَ) പിന്നെ രണ്ടാമത്തെ സുകൂനുള്ള അക്ഷരത്തിന്റെ കൂടെ ഒന്നാം അക്ഷരവും വായിക്കുക. (بَأْ)

രണ്ടാമത്തെ കള്ളിയിൽ : ആദ്യ കള്ളിയിൽ ചെയ്തത് ആവർത്തിക്കുകയും മൂന്നാമത്തെ അക്ഷരം ഹറകതോടെ വായിക്കുകയും (سَ) പിന്നീട് ആ വാക്ക് മുഴുവനായി വായിക്കുകയും ചെയ്യുക . (بَأْسَ)

---

**ശ്രദ്ധിക്കുക:** ഈ പാഠം മുതൽ പുസ്തകത്തിന്റെ അവസാനം വരെ വിദ്യാർത്ഥി അക്ഷരത്തിന്റെ ശബ്ദം ഹറകതോടെ വായിക്കുക. അവയുടെ പേരുകൾ വായിക്കരുത്.

## പാഠം 1

# ഫത്ഹ (◌َ)

| | | | |
|---|---|---|---|
| ثَ | تَ | بَ | أَ |
| دَ | خَ | حَ | جَ |
| سَ | زَ | رَ | ذَ |
| طَ | ضَ | صَ | شَ |
| فَ | غَ | عَ | ظَ |
| مَ | لَ | كَ | قَ |
| يَ | وَ | هَ | نَ |

## ഫത്ഹ യുടെ ഉദാഹരണങ്ങൾ (َ)

| | | |
|---|---|---|
| أَخَذَ | أَخَ | أَ |
| بَسَطَ | بَسَ | بَ |
| تَرَكَ | تَرَ | تَ |
| ثَبَتَ | ثَبَ | ثَ |
| جَمَعَ | جَمَ | جَ |
| حَمَلَ | حَمَ | حَ |
| خَتَمَ | خَتَ | خَ |
| دَخَلَ | دَخَ | دَ |

| | | |
|---|---|---|
| ذَهَبَ | ذَهَـ | ذَ |
| رَفَعَ | رَفَـ | رَ |
| زَعَمَ | زَعَـ | زَ |
| سَجَدَ | سَجَـ | سَـ |
| صَدَقَ | صَدَ | صَـ |
| عَبَسَ | عَبَـ | عَـ |
| غَفَرَ | غَفَـ | غَـ |
| نَزَلَ | نَزَ | نَـ |

## പാഠം രണ്ട്

## കസ്റ (ِ◌)

| | | | |
|---|---|---|---|
| ثِ | تِ | بِ | إِ |
| دِ | خِ | حِ | جِ |
| سِ | زِ | رِ | ذِ |
| طِ | ضِ | صِ | شِ |
| فِ | غِ | عِ | ظِ |
| مِ | لِ | كِ | قِ |
| يِ | وِ | هِ | نِ |

## കസ്റ യുടെ ഉദാഹരണങ്ങൾ (ِ)

| | | |
|---|---|---|
| يَـ | يَئِـ | يَئِسَ |
| أَ | أَجِـ | أَجِدَ |
| رَ | رَحِـ | رَحِمَ |
| بَـ | بَخِـ | بَخِلَ |
| رَ | رَدِ | رَدِفَ |
| شَـ | شَرِ | شَرِبَ |
| فَـ | فَزِ | فَزِعَ |
| نَـ | نَسِـ | نَسِيَ |

| | | |
|---|---|---|
| خَشِيَ | خَشِـ | خَـ |
| خَطِفَ | خَطِـ | خَـ |
| مَعِيَ | مَعِـ | مَـ |
| سَفِهَ | سَفِـ | سَـ |
| بَقِيَ | بَقِـ | بَـ |
| عَلِمَ | عَلِـ | عَـ |
| سَمِعَ | سَمِـ | سَـ |
| شَهِدَ | شَهِـ | شَـ |

## പാഠം മൂന്ന്

## ദമ്മ (ُ)

| | | | |
|---|---|---|---|
| ثُ | تُ | بُ | أُ |
| دُ | خُ | حُ | جُ |
| سُ | زُ | رُ | ذُ |
| طُ | ضُ | صُ | شُ |
| فُ | غُ | عُ | ظُ |
| مُ | لُ | كُ | قُ |
| يُ | وُ | هُ | نُ |

## ദമ്മയുടെ ഉദാഹരണങ്ങൾ (ُ)

| | | |
|---|---|---|
| كَـ | كَبُـ | كَبُرَ |
| كَـ | كَثُـ | كَثُرَ |
| ثَـ | ثَخُـ | ثَخُنَ |
| يَـ | يَدُ | يَدُكَ |
| قَـ | قَرُ | قَرُبَ |
| حَـ | حَسُـ | حَسُنَ |
| بَـ | بَصُـ | بَصُرَ |
| عَـ | عَضُـ | عَضُدَ |

| | | |
|---|---|---|
| طُبِعَ | طُبِـ | طُـ |
| ظُلِمَ | ظُلِـ | ظُـ |
| عُفِيَ | عُفِـ | عُـ |
| فُتِحَ | فُتِـ | فُـ |
| قُرِئَ | قُرِ | قُـ |
| كُبِتَ | كُبِـ | كُـ |
| هُدِيَ | هُدِ | هُـ |
| وُضِعَ | وُضِـ | وُ |

## പാഠം 4
## സുകൂൻ (ْ)

| | | | |
|---|---|---|---|
| أَثْ | أَتْ | أَبْ | بَأْ |
| أَدْ | أَخْ | أَحْ | أَجْ |
| أَسْ | أَزْ | أَرْ | أَذْ |
| أَطْ | أَضْ | أَصْ | أَشْ |
| أَفْ | أَغْ | أَعْ | أَظْ |
| أَمْ | أَلْ | أَكْ | أَقْ |
| أَيْ | أَوْ | أَهْ | أَنْ |

## സുകൂനിന്റെ ഉദാഹരണങ്ങൾ (ْ)

| | |
|---|---|
| بَأْسَ | بَأْ |
| سَبْعَ | سَبْ |
| أَجْرُ | أَجْ |
| يَدْعُ | يَدْ |
| عَرْشَ | عَرْ |
| نَصْرُ | نَصْ |
| فَضْلُ | فَضْ |
| بَطْشَ | بَطْ |

| | |
|---|---|
| بَعْضُ | بَعْـ |
| مَكْرُ | مَكْـ |
| قَلْبِ | قَلْـ |
| أَمْرُ | أَمْـ |
| كُنْتَ | كُنْـ |
| أَهْلُ | أَهْـ |
| يَوْمَ | يَوْ |
| غَيْبُ | غَيْـ |

# പാഠം : മൂന്ന്

# അക്ഷരങ്ങൾ തൻവീനോട് കൂടി

## ലക്ഷ്യങ്ങൾ

**ഈ പാഠം കഴിയുന്നതോടു കൂടി വിദ്യാർത്ഥി അല്ലാഹുവിന്റെ സഹായത്താൽ ഈ കാര്യങ്ങൾക്ക് പ്രാപ്തനായിരിക്കും :-**

- തൻവീൻ തിരിച്ചറിയുക.
- തൻവീനുള്ള വാക്കുകൾ തെറ്റില്ലാതെ വായിക്കുവാൻ സാധിക്കുക.

## അദ്ധ്യാപകനുള്ള നിർദേശങ്ങൾ

**തൻവീൻ:** വാക്കുകൾ ഉച്ചരിക്കുമ്പോൾ അവസാനത്തിൽ വെളിവാകുന്ന കൂടുതലായുള്ള നൂനിന്റെ ശബ്ദം. എഴുതുമ്പോഴും നിർത്തുമ്പോഴും ആ ശബ്ദം വെളിവാവുകയില്ല.

**ഇരട്ട ഫത്ഹ** : ഒരു വാക്കിന്റെ അവസാനത്തിൽ അതിന്റെ മുകളിൽ കാണുന്ന രണ്ട് ചെറിയ വരകൾ (ً).

**ഇരട്ട കസ്റ** : ഒരു വാക്കിന്റെ അവസാനത്തിൽ അതിന്റെ താഴെ കാണപ്പെടുന്ന രണ്ട് ചെറിയ വരകൾ (ٍ).

**ഇരട്ട ദമ്മ** : ഒരു വാക്കിന്റെ അവസാനത്തിൽ അതിന്റെ മുകളിൽ കാണപ്പെടുന്ന 2 ചെറിയ വാവു കൾ (ٌ).

---

### പാഠം ഒന്ന്, രണ്ട്, മൂന്ന് വിശദീകരണം (പേജ് 37-39-41)

### ❖ വായിക്കേണ്ട രീതി

വിദ്യാർത്ഥി തൻവീനുള്ള അക്ഷരങ്ങൾ അതിന്റെ ഹറകതോട് കൂടി വായിക്കുക
(ءٌ – ءٍ – اءً)

---

### പാഠം ഒന്ന്, രണ്ട്, മൂന്നിലെ ഉദാഹരണങ്ങളുടെ വിശദീകരണം (പേജ് 38-40-42)

1- ആദ്യ അക്ഷരം അതിന്റെ ഹറകതോടെ വായിക്കുക (عِ) പിന്നീട് രണ്ടാമത്തെ അക്ഷരം അതിന്റെ ഹറകതോടെ വായിക്കുക (نَ) എന്നിട്ട് അവ ഒരുമിച്ച് വായിക്കുക. (عِنَ) തൻവീൻ നൽകപ്പെട്ടിട്ടുള്ള മൂന്നാമത്തെ അക്ഷരം അതിന്റെ ഹറകതോടെ വായിക്കുക (بًا) ശേഷം ആ വാക്ക് ഒരുമിച്ച് വായിക്കുക. (عِنَبًا)

2- ഇനി രണ്ടാമത്തെ അക്ഷരം സുകൂൻ ഉള്ള അക്ഷരമാണ്ണെകിൽ:- ആദ്യ അക്ഷരം അതിന്റെ ഹറകതോടെ വായിക്കുക (فَ) പിന്നീട് ആദ്യ അക്ഷരം രണ്ടാമത്തെ സുക്കുനുള്ള അക്ഷരവുമായി ചേർത്ത് വായിക്കുക. (فَوْ) പിന്നെ മൂന്നാമത്തെ തൻവീനുള്ള അക്ഷരവും അതിന്റെ ഹറകതോടെ വായിക്കുക. (زًا) അവസാനം ആ വാക്ക് മുഴുവനായും വായിക്കുക.(فَوْزًا)

3 -ഇത് പോലെ ഇരട്ട കസ്റയുടെയും, ഇരട്ട ദമ്മന്റെയും പാഠങ്ങളിൽ ചെയ്യുക.

## പാഠം 1

## ഇരട്ട ഫത്ഹ (ً◌)

| | | | |
|---|---|---|---|
| ثاً | تاً | باً | ءاً |
| داً | خاً | حاً | جاً |
| ساً | زاً | راً | ذاً |
| طاً | ضاً | صاً | شاً |
| فاً | غاً | عاً | ظاً |
| ماً | لاً | كاً | قاً |
| ياً | واً | هاً | ناً |

## ഇരട്ട ഫത്ഹകളുടെ ഉദാഹരണങ്ങൾ (ً)

| | |
|---|---|
| مَقْتاً | عِنَباً |
| أَحَداً | مَرَحاً |
| خَيْـراً | أَذىً |
| كَأْساً | فَوْزاً |
| وَسَطاً | قَرْضاً |
| نَفْعاً | حِفْظاً |
| مُلْكـاً | آنِفاً |
| ثَمَناً | حَرَماً |

## ഇരട്ട കസ്റ (◌ٍ)

| | | | |
|---|---|---|---|
| ثٍ | تٍ | بٍ | ءٍ |
| دٍ | خٍ | حٍ | جٍ |
| سٍ | زٍ | رٍ | ذٍ |
| طٍ | ضٍ | صٍ | شٍ |
| فٍ | غٍ | عٍ | ظٍ |
| مٍ | لٍ | كٍ | قٍ |
| يٍ | وٍ | هٍ | نٍ |

## ഇരട്ട കസ്റകളുടെ ഉദാഹരണങ്ങൾ (ٍ)

| | |
|---|---|
| لَهَبٍ | شَيْءٍ |
| عَبْدٍ | آيَةٍ |
| نَفْسٍ | سَفَرٍ |
| أَرْضٍ | فُرُشٍ |
| زَرْعٍ | رَهْطٍ |
| طَبَقٍ | جُرُفٍ |
| رَجُلٍ | فَلَكٍ |
| قَرْنٍ | قَوْمٍ |

## ഇരട്ട ദമ്മ (ٌ)

| | | | |
|---|---|---|---|
| ثٌ | تٌ | بٌ | ءٌ |
| دٌ | خٌ | حٌ | جٌ |
| سٌ | زٌ | رٌ | ذٌ |
| طٌ | ضٌ | صٌ | شٌ |
| فٌ | غٌ | عٌ | ظٌ |
| مٌ | لٌ | كٌ | قٌ |
| يٌ | وٌ | هٌ | نٌ |

## ഇരട്ട ദമ്മകളുടെ ഉദാഹരണങ്ങൾ (ٌ)

| | |
|---|---|
| حَرَجٌ | كُتُبٌ |
| زَيْدٌ | رَوْحٌ |
| إِنْسٌ | شَهْرٌ |
| زَيْغٌ | مَرَضٌ |
| إِفْكٌ | رِزْقٌ |
| آثِمٌ | عَدْلٌ |
| كُرْهٌ | عَيْنٌ |
| وَحْيٌ | لَهْوٌ |

# പാഠം:നാല്

## അക്ഷരങ്ങൾ ശദ്ദയോടും ഹറകതുകളോടും കൂടി

### ലക്ഷ്യങ്ങൾ

**ഈ പാഠം കഴിയുന്നതോടു കൂടി വിദ്യാർത്ഥി അല്ലാഹുവിന്റെ സഹായത്താൽ ഈ കാര്യങ്ങൾക്ക് പ്രാപ്തനായിരിക്കും :-**

- ശദ്ദകളും ഹറകതുകളും തിരിച്ചറിയുക.
- ശദ്ദകളും ഹറകതുകളും ഉള്ള അക്ഷരങ്ങൾ ശരിയായ രീതിയൽ വായിക്കുക.

## അദ്ധ്യാപകനുള്ള നിർദേശങ്ങൾ

**ശദ്ദ നൽപെട്ട അക്ഷരം:** സുക്കുനുള്ള ഒരക്ഷരത്തിനു ശേഷം അതേ അക്ഷരം ഹറകതതോടെ അതിന് ശേഷം വരിക .ഉദാ : (بَّ = بَ+بْ)

**ഫത്ഹയുടെ കൂടെയുള്ള ശദ്ദ :** ചെറിയ സീനിന്റെ തല പോലെയുള്ളതിന് മുകളിൽ ഫത്ഹ വരുക. ( َّ )

**കസ്റയുടെ കൂടെയുള്ള ശദ്ദ :** ചെറിയ സീനിന്റെ തല പോലെയുള്ളതിന് താഴെ കസ്റ വരുക. ( ِّ )

**ദമ്മയുടെ കൂടെയുള്ള ശദ്ദ :** ചെറിയ സീനിന്റെ തല പോലെയുള്ളതിന് മുകളിൽ ദമ്മ വരുക. ( ُّ )

---

### ❖ വായിക്കേണ്ട രീതി-

### പാഠം ഒന്ന്, രണ്ട്, മൂന്നിന്റെ വിശദീകരണം (പേജ് 45-47-49)

വിദ്യാർത്ഥി ആദ്യത്തെ അക്ഷരം അതിന്റെ ഹറകതോടെ വായിക്കുക (أَ) എന്നിട്ട് ആദ്യ അക്ഷരവും രണ്ടാമത്തെ ശദയുള്ള അക്ഷരവും അതിന്റെ ഹറകതുകളോടെ വായിക്കുക (أَبَّ) കാരണം ശദ്ദയുള്ള അക്ഷരം ഒറ്റക്ക് വായിക്കൽ പ്രയാസകരമാണ്.

---

### പാഠം ഒന്ന്, രണ്ട്, മൂന്നിലെ ഉദാഹരണങ്ങളുടെ വിശദീകരണം (പേജ് 46-48-50))

1-ആദ്യത്തെ അക്ഷരം അതിന്റെ ഹറകതോട് കൂടി വായിക്കുക (حَ) എന്നിട്ട് ആദ്യ അക്ഷരവും രണ്ടാമത്തെ ശദ്ദയുള്ള അക്ഷരവും അതിന്റെ ഹറകതുകളോട് കൂടി വായിക്കുക. (حَبَّ) പിന്നെ മൂന്നാമത്തെ അക്ഷരം അതിന്റെ ഹറക്കത്തോട് കൂടി വായിക്കുക (ةٍ) ശേഷം എല്ലാം ഒരുമിച്ച് വായിക്കുക (حَبَّةٍ).

2-ഇനി ശദയുള്ള രണ്ടാം അക്ഷരത്തിന് ശേഷം സുകുനുള്ള അക്ഷരമാണെങ്കിൽ: ആദ്യത്തെ അക്ഷരം അതിന്റെ ഹറകതോട് കൂടി വായിക്കുക (يَ) പിന്നീട് ആദ്യത്തെ അക്ഷരവും രണ്ടാമത്തെ ശദയുള്ള അക്ഷരവും ഹറകതോടെ കൂട്ടിവായിക്കുക(يَسِّ) എന്നിട്ട് അവ രണ്ടും മൂന്നാമത്തെ സുകുനുള്ള അക്ഷരവുമായി ഹറകതോടെ കൂട്ടി വായിക്കുക. (يَسِّرْ)

3 - ഇനി രണ്ടാമത്തെ ശദ്ദയുള്ള അക്ഷരത്തിന് ശേഷം അലിഫ് മഖ്സൂറ വരികയാന്നെങ്കിലും ഈ രീതിലാണ് ചെയ്യേണ്ടത് (حَتَّى).

4- ഇനി ശദയുള്ള അക്ഷരം ഒരു വാക്കിന്റെ അവസാനത്തിൽ വരികയാണെങ്കിൽ: ആദ്യത്തെ അക്ഷരം അതിന്റെ ഹറകതോടെ വായിക്കുക (أَ) പിന്നെ രണ്ടാമത്തെ അക്ഷരവും അതിന്റെ ഹറകതോടെ വായിക്കുക. ( عَ) ശേഷം അവ രണ്ടും ചേർത്തി വായിക്കുക (أَعَ) ശേഷം രണ്ടാമത്തെ അക്ഷരവും മൂന്നാമത്തെ ശദ് ഉള്ള അക്ഷരവും ചേർത്ത് വായിക്കുക (عَدَّ) അവസാനം ആ വാക്ക് മുഴുവനായി വായിക്കുക(أَعَدَّ)

## പാഠം ഒന്ന്

## ഫത്ഹയുടെ കൂടെയുള്ള ശദ്ദ ( َّ )

| | | | |
|---|---|---|---|
| أَجَّ | أَثَّ | أَتَّ | أَبَّ |
| أَذَّ | أَدَّ | أَخَّ | أَحَّ |
| أَشَّ | أَسَّ | أَزَّ | أَرَّ |
| أَظَّ | أَطَّ | أَضَّ | أَصَّ |
| أَقَّ | أَفَّ | أَغَّ | أَعَّ |
| أَنَّ | أَمَّ | أَلَّ | أَكَّ |
| أَيَّ | أَوَّ | أَهَّ | |

## ഫത്ഹയുടെ കൂടെ ശദ്ദ വരുന്നതിന് ഉദാഹരണങ്ങൾ ( ◌َّ )

| | |
|---|---|
| حَبَّةٍ | حَتَّى |
| كَثَّرَ | سَخَّرَ |
| أَعَدَّ | كَذَّبَ |
| حَرَّمَ | عِزَّةٍ |
| أَحَسَّ | حِطَّةٌ |
| خَفَّفَ | أَحَقَّ |
| فَكَّرَ | سَلَّمَ |
| جَنَّةٌ | بَوَّأَ |

## പാഠം 2

### കസ്റയുടെ കൂടെയുള്ള ശദ( ِّ )

| | | | |
|---|---|---|---|
| أَجِّ | أَثِّ | أَتِّ | أَبِّ |
| أَذِّ | أَدِّ | أَخِّ | أَحِّ |
| أَشِّ | أَسِّ | أَزِّ | أَرِّ |
| أَظِّ | أَطِّ | أَضِّ | أَصِّ |
| أَقِّ | أَفِّ | أَغِّ | أَعِّ |
| أَنِّ | أَمِّ | أَلِّ | أَكِّ |
| أَيِّ | أَوِّ | أَهِّ | |

## കസ്റയുടെ കൂടെ ശദ്ദ വരുന്നതിന്റെ ഉദാഹരണങ്ങൾ ( ِّ )

| | |
|---|---|
| عُجِّلَ | سَبِّحِ |
| عُذِّبَ | يُؤَدِّ |
| يَسِّرْ | بُرِّزَ |
| حُصِّلَ | بَشِّرِ |
| نُوَفِّ | عُطِّلَ |
| كُلِّمَ | ذُكِّرَ |
| مَهِّلِ | عَمِّكَ |
| زُيِّنَ | غُدُوِّ |

## പാഠം 3

**ദമ്മയുടെ കൂടെയുള്ള ശദ്ദ ( ُّ )**

| | | | |
|---|---|---|---|
| أَجُّ | أَثُّ | أَتُّ | أَبُّ |
| أَذُّ | أَدُّ | أَخُّ | أَحُّ |
| أَشُّ | أَسُّ | أَزُّ | أَرُّ |
| أَظُّ | أَطُّ | أَضُّ | أَصُّ |
| أَقُّ | أَفُّ | أَغُّ | أَعُّ |
| أَنُّ | أَمُّ | أَلُّ | أَكُّ |

| | | |
|---|---|---|
| أَيُّ | أَوُّ | أَهُّ |

## ദമ്മയുടെ കൂടെയുള്ള ശദ്ദയുടെ ഉദാഹരണങ്ങൾ ( ٌّ )

| | |
|---|---|
| مِتُّ | يَبُثُّ |
| حِجُّ | يُرَدُّ |
| تَلَذُّ | تَمُرُّ |
| تُعِزُّ | يَمَسُّ |
| أَهُشُّ | نَقُصُّ |
| يَحُضُّ | يَدُعُّ |
| أَشَقُّ | يَحِلُّ |
| مُتِمُّ | يَظُنُّ |

## പാഠം : അഞ്ച്

# അക്ഷരങ്ങൾ ശദ്ദയോടും തൻവീനോടും കൂടി

### ലക്ഷ്യങ്ങൾ

**ഈ പാഠം കഴിയുന്നതോട് കൂടി വിദ്യാർത്ഥി അല്ലാഹുവിന്റെ സഹായത്താൽ ഈ കാര്യങ്ങൾക്ക് പ്രാപ്തനായിരിക്കും,**

- ശദ്ദയും തൻവീനുമുള്ള അക്ഷരങ്ങളെ തിരിച്ചറിയുക.
- ശദ്ദയും തൻവീനുമുള്ള അക്ഷരങ്ങളെ ശരിയായ രീതിയിൽ വായിക്കാൻ സാധിക്കുക

## അദ്ധ്യാപകനുള്ള നിർദേശങ്ങൾ

***ഇരട്ട ഫത്ഹിന്റെ ഒപ്പം ശദ്ദ വരുക:*** ചെറിയ സീനിന്റെ തല പോലെ ഉള്ളതിന്റെ മുകളിൽ രണ്ട് ഫത്ഹകൾ വരിക. ( ًّ ).
***ഇരട്ട കസ്റിന്റെ ഒപ്പം ശദ്ദ വരുക:*** ചെറിയ സീനിന്റെ തലപോലെ ഉള്ളതിന്റെ താഴെ രണ്ട് കസ്റകൾ വരിക. ( ٍّ ).
***ഇരട്ട ദമ്മിന്റെ ന്റെ ഒപ്പം ശദ്ദ വരുക*** : ചെറിയ സീനിന്റെ തലപോലെ ഉള്ളതിന്റെ മുകളിൽ രണ്ട് ള്ളമുകൾ വരിക. ( ٌّ ).

---

### ❖ വായിക്കേണ്ട രീതി

**പാഠം ഒന്ന്, രണ്ട്, മൂന്ന് വിശദീകരണം (പേജ് 53-55-57)**

വിദ്യാർത്ഥി ആദ്യ അക്ഷരം ഹറകതോടെ വായിക്കുക. (أَ)പിന്നീട് ആദ്യത്തെ അക്ഷരവും രണ്ടാമത്തെ ശദ്ദയുള്ള തൻവീനുമുള്ള അക്ഷരവും ഹറകതോടെ വായിക്കുക. (أَبًّا)

---

**പാഠം ഒന്ന്, രണ്ട്, മൂന്നിലെ ഉദാഹരണങ്ങളുടെ വിശദീകരണം (പേജ് 54-56-58)**

മൂന്ന് അക്ഷരങ്ങൾ കൊണ്ടുള്ള വാക്കാണ്ണെങ്കിൽ : ആദ്യത്തെ അക്ഷരം അതിന്റെ ഹറകതോടെ വായിക്കുക (قَ) അത് പോലെ രണ്ടാമത്തെ അക്ഷരവും ഹറകതോടെ വായിക്കുക (وِ) ശേഷം അവ ഒരുമിച്ച് വായിക്കുക. (قَوِ) പിന്നെ രണ്ടാമത്തെ അക്ഷരം ശദ്ദയും തൻവീനുമുള്ള മൂന്നാമത്തെ അക്ഷരത്തോടപ്പം ഹറകതോടെ ചേർത്ത് വായിക്കുക. (وِيًّا) പിന്നീട് ആ വാക്ക് മുഴുവനായി വായിക്കുക.(قَوِيًّا)

---

**പാഠം നാല് വിശദീകരണം (പേജ് 59)**

ഇനി ഒരു വാക്കിൽ ശദ്ദയുള്ള രണ്ട് അക്ഷരങ്ങൾ തുടരെ വന്നിട്ടുണ്ടെങ്കിൽ:
ആദ്യ അക്ഷരം മുതൽ ശദ്ദയുള്ള ഒന്നാം അക്ഷരം വരെ മേൽ പറഞ്ഞ പ്രകാരം വായിക്കുക, ശേഷം ശദ്ദയുള്ള ഈ അക്ഷരം അതിന് മുമ്പുള്ള അക്ഷരത്തോട് ചേർത്ത് വായിക്കുക, പിന്നെ വാക്യത്തിന്റെ തുടക്കം മുതൽ ശദ്ദയുള്ള അക്ഷരം വരെ ഒന്നുകൂടി വായിക്കുക, പിന്നെ ശദ്ദയുള്ള രണ്ട് അക്ഷരങ്ങളും അതിന് മുമ്പുള്ള അക്ഷരത്തോടപ്പം വായിക്കുക , പിന്നെ ആ വാക്യം പൂർണമായും വായിക്കുക.

---

**തുടർച്ചയായി രണ്ട് ശദ്ദയുള്ളത്തിനുള്ള ഉദാഹരണം (لَأُضِلَّنَّهُمْ)(പേജ് 59)**

ആദ്യം (لَ )ഹറകതോടെ വായിക്കുക , പിന്നെ ഹംസ ഹറകതോടെ വായിക്കുക (أُ) ശേഷം അവയെല്ലാം ഒരുമിച്ചു വായിക്കുക (لَأُ) പിന്നെ (ضِ) ഹറകതോടെ വായിക്കുക,വീണ്ടും അക്ഷരങ്ങളെല്ലാം കൂട്ടി വായിക്കുക (لَأُضِ) ,ശേഷം ض ഉം ശദ്ദയുള്ള ലാമിന്റെ കൂടെ ഹറകതോടെ വായിക്കുക(ضِلَّ) , പിന്നെ അവയെല്ലാം ഒന്നിച്ച് വായിക്കുക (لَأُضِلَّ) ശേഷം ശദ്ദയുള്ള രണ്ട് നൂനും ലാമും ഹറകതോടെ ض ന്റെ കൂടെ വായിക്കുക (ضِلَّنَّ) , പിന്നെ എല്ലാ അക്ഷരങ്ങളും ഒന്നിച്ച് വായിക്കുക (لَأُضِلَّنَّ) , പിന്നെ ഹ അതിന്റെ ഹറകതോടെ വായിക്കുക (هُ) പിന്നീട് കഴിഞ്ഞ അക്ഷരങ്ങൾ വായിക്കുക (لَأُضِلَّنَّهُ) പിന്നെ സുകൂനുള്ള മീമിന്റെ കൂടെ ഹ വായിച്ച ശേഷം (هُمْ) വാക്ക് പൂർണമായും വായിക്കുക (لَأُضِلَّنَّهُمْ)

## പാഠം 1

## ഇരട്ട ഫത്ഹകളുടെ കൂടെയുള്ള ശദ്ദ (ـًّ)

| | | | |
|---|---|---|---|
| أَجًّا | أَثًّا | أَتًّا | أَبًّا |
| أَذًّا | أَدًّا | أَخًّا | أَحًّا |
| أَشًّا | أَسًّا | أَزًّا | أَرًّا |
| أَظًّا | أَطًّا | أَضًّا | أَصًّا |
| أَقًّا | أَفًّا | أَغًّا | أَعًّا |
| أَنًّا | أَمًّا | أَلًّا | أَكًّا |
| أَيًّا | أَوًّا | أَهًّا | |

## ഇരട്ട ഫത്ഹകളുടെ കൂടെയുള്ള ശദ്ദ ( ًّ )

| | |
|---|---|
| حُبّاً | سَدّاً |
| سِرّاً | أَزّاً |
| بَسّاً | صَفّاً |
| حَقّاً | دَكّاً |
| كُلّاً | جَمّاً |
| عَفُوّاً | قَوِيّاً |

## പാഠം 2

### ഇരട്ട കസ്റകളുടെ കൂടെയുള്ള ശദ്ദ ( ٍّ )

| | | | |
|---|---|---|---|
| أَجٍّ | أَثٍّ | أَتٍّ | أَبٍّ |
| أَذٍّ | أَدٍّ | أَخٍّ | أَحٍّ |
| أَشٍّ | أَسٍّ | أَزٍّ | أَرٍّ |
| أَظٍّ | أَطٍّ | أَضٍّ | أَصٍّ |
| أَقٍّ | أَفٍّ | أَغٍّ | أَعٍّ |
| أَنٍّ | أَمٍّ | أَلٍّ | أَكٍّ |
| أَيٍّ | أَوٍّ | أَهٍّ | |

## ഇരട്ട കസ്റകളുടെ കൂടെ ശദ്ദ വരുന്നതിന്റെ ഉദാഹരണങ്ങൾ ( ٍّ )

| | |
|---|---|
| مَرَدٍّ | فَجٍّ |
| حَظٍّ | ضُرٍّ |
| رَقٍّ | أُفٍّ |
| ظِلٍّ | صَكٍّ |
| سِنٍّ | غَمٍّ |
| خَفِيٍّ | عُتُوٍّ |

## പാഠം 3

### ഇരട്ട ദമ്മകളുടെ കൂടെയുള്ള ശദ്ദ (ٌّ)

| | | | |
|---|---|---|---|
| أَجٌّ | أَثٌّ | أَتٌّ | أَبٌّ |
| أَذٌّ | أَدٌّ | أَخٌّ | أَحٌّ |
| أَشٌّ | أَسٌّ | أَزٌّ | أَرٌّ |
| أَظٌّ | أَطٌّ | أَضٌّ | أَصٌّ |
| أَقٌّ | أَفٌّ | أَغٌّ | أَعٌّ |
| أَنٌّ | أَمٌّ | أَلٌّ | أَكٌّ |

| | | |
|---|---|---|
| أَيٌّ | أَوٌّ | أَهٌّ |

## ഇരട്ട ദമ്മകളുടെ കൂടെ ശദ്ദ വരുന്നതിന്റെ ഉദാഹരണങ്ങൾ ( ٌّ )

| | |
|---|---|
| سِتٌّ | رَبٌّ |
| صَدٌّ | شُحٌّ |
| شِقٌّ | شَرٌّ |
| حِلٌّ | شَكٌّ |
| مُسِنٌّ | صُمٌّ |
| غَنِيٌّ | عَدُوٌّ |

## പാഠം 4

### ശദ്ദയുള്ള രണ്ട് അക്ഷരങ്ങൾ ഒരുമിച്ച് വരുക (ّ)

| | |
|---|---|
| يُبَتِّكُنَّ | لُجِّيٍّ |
| مُدَّثِّرُ | سَيَذَّكَّرُ |
| ذُرِّيَّةٌ | مُزَّمِّلُ |
| يَمَسَّنَّ | يَشَّقَّقُ |
| يَصَّعَّدُ | يَطَّوَّفَ |
| لَأُضِلَّنَّهُمْ | أَتَمَّهُنَّ |

പാഠം :ആറ്

# ഹംസതുൽ വസ് ലും ഹംസത്തുൽ ഖത്ഉം

## ലക്ഷ്യങ്ങൾ

**ഈ പാഠം കഴിയുന്നതോടു കൂടി വിദ്യാർത്ഥി അല്ലാഹുവിന്റെ സഹായത്താൽ ഈ കാര്യങ്ങൾക്ക് പ്രാപ്തനായിരിക്കും :-**

- വായനയിലും എഴുത്തിലും ഹംസത്തുൽ വസ്ലും ഹംസത്തുൽ ഖത്ഉം വേർതിരിച്ച് അറിയുക.
- തെറ്റുകൂടാതെ രണ്ടു ഹംസകളും വായിക്കാൻ സാധിക്കുക.

## അദ്ധ്യാപകനുള്ള നിർദേശങ്ങൾ

**ഹംസതുൽ ഖത്അ :** ഒരു വാക്കിലെ തന്നെ അക്ഷരമായ അതിന്റെ ആദ്യത്തിൽ വരുന്ന ഹറകതുള്ള ഹംസ. അലിഫിന്റെ മുകളിലോ താഴെയോ ഹറകതിനനുസരിച്ച് ഹംസ ഇടപ്പെടുന്നതാണ്. (أَ- إِ–أُ)

**ഹംസതുൽ വസ് ല് :** ഒരു വാക്കിന്റെ ആദ്യത്തിൽ കൂടുതലായി കാണപ്പെടുന്ന ഹറകതുകൾ ഇല്ലാത്ത അലിഫ് ന്റെ രൂപത്തിൽ എഴുതപ്പെട്ടിട്ടുള്ള ഹംസ. അതിന്റെ മുമ്പത്തെ വാക്കുമായി ചേർത്ത് വായിക്കാത്ത സാഹചര്യങ്ങളിൽ അത് എഴുതപ്പെടുകയും വായിക്കപ്പെടുകയും ചെയ്യും .ഇനി മുമ്പുള്ള വാക്കുമായി ചേർത്ത് വായിച്ചാൽ അത് എഴുതപ്പെടും പക്ഷേ ഉച്ചാരണത്തിൽ വ്യക്തമാവുകയില്ല.

**രണ്ട് ഹംസകളെ എങ്ങനെ വേർതിരിച്ചു അറിയാം:-**

ഒരു വാക്കിന്റെ ആദ്യത്തിൽ വാവ് ചേർത്ത് കൊടുക്കുക. അപ്പോൾ അലിഫ് വായിക്കാനാക്കുന്നുവെങ്കിൽ അത് ഹംസതുൽ ഖത്അ ആണ്. വായിക്കാനാക്കുന്നില്ലെങ്കിൽ അത് ഹംസതുൽ വസ് ല് ആണ്.

---

### വായിക്കേണ്ട രീതി

### പാഠം ഒന്നിന്റെ വിശദീകരണം (പേജ് 63)

- കഴിഞ്ഞ പാഠങ്ങളിൽ വായിച്ച പോലെ വിദ്യാർത്ഥി ഹംസതുൽ ഖത് അ ഹറകതിനനുസരിച്ച് വായിക്കുക.
- കഴിഞ്ഞ പാഠങ്ങളിലെ ഉദാഹരണങ്ങൾ വായിച്ച പോലെ ഈ പാഠത്തിലെയും വായിക്കുക.

---

### പാഠം രണ്ടിൻെറ വിശദീകരണം (പേജ് 64)

1 -ഹംസതുൽ വസ് ലിന്റെ മുന്നേ ഒന്നും വന്നിട്ടില്ലെങ്കിൽ അത് ഹംസത് ഖതഅ ആയിട്ടാണ് വായിക്കുന്നത്.

2 -ഇനി അതിന്റെ മുന്നേ എന്തെങ്കിലും വന്നിട്ടുണ്ടെങ്കിൽ അത് വായിക്കപ്പെടുകയില്ല. അതിന് മുന്നേ ഉള്ള അക്ഷരവും അതിന് ശേഷമുള്ള അക്ഷരവും ചേർത്ത് വായിക്കുകയാണ് ചെയ്യേണ്ടത്.ഉദാഹരണമായി : (وَاتْلُ) എന്നത് (وَتْلُ) എന്നാണ് വായിക്കുക.

3 -ഇത് പോലെ പാഠത്തിലെ ബാക്കിയുള്ള ഉദാഹരണങ്ങളിലും വായിക്കുക.

## പാഠം 1

### ഹംസത്തുൽ ഖത് അ

| | |
|---|---|
| وَأَسْلَمَ | أَسْلَمَ |
| وَأَعْمَلُ | أَعْمَلُ |

### ഹംസതുൽ ഖത്അയുടെ ഉദാഹരണങ്ങൾ

| | |
|---|---|
| إِخْوَةٌ | أَجَلَ |
| وَأَشَدَّ | أُسْوَةٌ |
| وَأَضَلُّ | إِصْرًا |
| أَقْرَبُ | وَأَعْلَمُ |
| أَوْحَى | فَأَنْزَلَ |

## പാഠം 2

## ഹംസതുൽ വസ്ൽ

| | |
|---|---|
| ابْنُ | وَابْنُ |
| اثْنَانِ | وَاثْنَانِ |

### ഹംസതുൽ വസ്‌ലിന്റെ ഉദാഹരണങ്ങൾ

| | |
|---|---|
| وَاتْلُ | ارْكُضْ |
| اسْمُ | اشْرَحْ |
| فَاصْبِرْ | وَاضْرِبْ |
| وَاعْبُدْ | فَاغْفِرْ |
| اكْشِفْ | وَانْظُرْ |

## പാഠം :ഏഴ്

# സാധാരണ നീട്ടുന്ന മദ്ദ്

### ലക്ഷ്യങ്ങൾ

**ഈ പാഠം കഴിയുന്നതോടു കൂടി വിദ്യാർത്ഥി അല്ലാഹുവിന്റെ സഹായത്താൽ ഈ കാര്യങ്ങൾക്ക് പ്രാപ്തനായിരിക്കും :-**

- സാധാരണ നീട്ടുന്ന മദ്ദിന്റെ അക്ഷരങ്ങളെ തിരിച്ചറിയുക.
- തെറ്റില്ലാതെ മദ്ദിന്റെ അക്ഷരങ്ങൾ  വായിക്കുക

## അദ്ധ്യാപകനുള്ള നിർദേശങ്ങൾ

### മദ്ദിന്റെ അക്ഷരങ്ങൾ മൂന്നാകുന്നു : (ا-و-ي)

### -എപ്പോഴാണ് ഒരു അക്ഷരം സാധാരണ നീട്ടപ്പെടേണ്ട അക്ഷരമാവുക?

അലിഫിന് മുമ്പ് ഫത്ഹ വന്നാൽ (بَا) ,വാവിന് മുമ്പ് ദമ്മ വന്നാൽ(بُو) , യാക്ക് മുമ്പ് കസ്റ വന്നാൽ (بِي)

### -മദ്ദിന്റെ അക്ഷരങ്ങളുടെ മുകളിൽ ഹറകത് ഉണ്ടായിരിക്കുമോ ?

മദ്ദിന്റെ അക്ഷരങ്ങൾക്ക് സുക്കൂൻ ആണ് ഉണ്ടാവുക. ഫത്ഹയോ, കസ്റയോ, ദമ്മോ ഉണ്ടായിരിക്കില്ല.

---

### വായിക്കേണ്ട രീതി

### പാഠം ഒന്നിന്റെ വിശദീകരണം (പേജ് 67)

1- ആദ്യത്തെ അക്ഷരം അതിന്റെ ഹറകതോട് കൂടി വായിക്കുക (تَ) ശേഷം രണ്ടാമത്തെ മദ്ദിന്റെ അക്ഷരം ആദ്യത്തെ അക്ഷരവുമായി ചേർത്ത് വായിക്കുക (تَا) പിന്നെ മൂന്നാമത്തെ അക്ഷരവും അതിന്റെ ഹറകതോട് കൂടി വായിക്കുക (بَ) അവസാനം ആ വാക്ക് മുഴുവനായി വായിക്കുക (تَابَ)

2- ഇത് പോലെ പാഠഭാഗത്തിലെ ബാക്കിയുള്ള ഉദാഹരണങ്ങളും വായിക്കുക.

# സാധാരണ നീട്ടുന്ന മദ്ദ്

## ا സാധാരണ നീട്ടുന്ന മദ്ദ് ന്റെ അലിഫിനുള്ള ഉദാഹരണങ്ങൾ

| | | |
|---|---|---|
| تَـابَ | خَافَ | رَانَ |
| طَافَ | عَـادَ | قَامَ |

## و സാധാരണനീട്ടുന്ന മദ്ദിന്റെ വാവിനുള്ള ഉദാഹരണങ്ങൾ

| | | |
|---|---|---|
| أَعُوذُ | رَسُولٌ | سُـورَةٌ |
| شَـكُورٌ | غَفُورٌ | هُــودٍ |

## ي സാധാരണ നീട്ടുന്ന മദ്ദിന്റെ യാഇനുള്ള ഉദാഹരണങ്ങൾ

| | | |
|---|---|---|
| خَبِيـرٌ | دِينٍ | شَدِيدٌ |
| عِيشَةٍ | قَدِيرٌ | مُبِيـنٌ |

# പാഠം : എട്ട്

## ബഹുവചനത്തെ സൂചിപ്പിക്കുന്നുന്ന വാവിന് ശേഷം വരുന്ന അലിഫ്

### ലക്ഷ്യങ്ങൾ

**ഈ പാഠം കഴിയുന്നതോടു കൂടി വിദ്യാർത്ഥി അല്ലാഹുവിന്റെ സഹായത്താൽ ഈ കാര്യങ്ങൾക്ക് പ്രാപ്തനായിരിക്കും :-**

- ബഹുവചനത്തെ സൂചിപ്പിക്കുന്ന വാവിന് ശേഷമുള്ള അലിഫിനെ തിരിച്ചറിയുക.

## അദ്ധ്യാപകനുള്ള നിർദേശങ്ങൾ

### ബഹുവചനത്തെ സൂചിപ്പിക്കുന്ന വാവിന് ശേഷം വരുന്ന അലിഫ്:

ഒരു ക്രിയ യുടെ അവസാനത്തിൽ ബഹുവചനത്തെ സൂചിപ്പിക്കുന്ന വാവിന് ശേഷം വരുന്ന അലിഫ് ( صَلوا) എന്നതിലെ അലിഫ് പോലെ .

**ഇവിടെ അലിഫ് എഴുതാനുള്ള കാരണം :** ഈ ക്രിയയുടെ അവസാനത്തിൽ വന്ന 'വാവ്' ബഹുവചനത്തെ സൂചിപ്പിക്കുന്നുവെന്ന് മനസ്സിലാക്കാനാണ്. ഇനി ആ 'വാവ്' ബഹുവചനത്തെ സൂചിപ്പിക്കുന്നില്ലെങ്കിൽ അതിന് ശേഷം അലിഫ് എഴുതില്ല ( أَرْجُو) എന്നതിലെ വാവ് പോലെ .

---

***വായിക്കേണ്ട രീതി:-**

കഴിഞ്ഞ പാഠങ്ങളിൽ വായിച്ചത് പോലെ ഈ പാഠത്തിലെയും ഉദാഹരണങ്ങൾ വായിക്കുക.- വാവിന് ശേഷം വരുന്ന അലിഫ് എഴുതും എന്നാൽ വായിക്കുകയില്ല.

## وا ബഹുവചനത്തെ സൂചിപ്പിക്കുന്ന വാവിന് ശേഷം വരുന്ന അലിഫ്

| | |
|---|---|
| أُمِرُوا | تَوَاصَوْا |
| جَابُوا | ذَاقُوا |
| رَضُوا | زَاغُوا |
| فَتَنُوا | قُوا |
| كُلُوا | مَرُّوا |
| نُهُوا | يَتَّخِذُوا |

## പാഠം : ഒമ്പത്

# കെട്ടുള്ള താ

**ലക്ഷ്യങ്ങൾ**

**ഈ പാഠം കഴിയുന്നതോടു കൂടി വിദ്യാർത്ഥി അല്ലാഹുവിന്റെ സഹായത്താൽ ഈ കാര്യങ്ങൾക്ക് പ്രാപ്തനായിരിക്കും :-**

- കെട്ടുള്ള താ തിരിച്ചറിയുക .
- കെട്ടുള്ള താ ഉള്ള വാക്കുകൾ ശരിയായ രീതിയിൽ വായിക്കുക.

## അദ്ധ്യാപകനുള്ള നിർദേശങ്ങൾ

**കെട്ടുള്ള താ** (التاء المربوطة) **:** ഒരു വാക്കിന്റെ അവസാനത്തിൽ വരുന്ന ഹാ (ه) യുടെ മുകളിൽ രണ്ട് പുള്ളികൾ ഉള്ള രൂപത്തിൽ എഴുതുന്ന താ (ة) , നിർത്തുമ്പോൾ അത് ഹാ യുടെ ശബ്ദത്തില് നിറത്തുകയും കൂട്ടി ഓതുമ്പോൾ അത് താ ആയി തന്നെ വായിക്കുകയും ചെയ്യുന്നതാണ്.

---

### *വായിക്കേണ്ട രീതി

### വിശദീകരണം (പേജ് 75)

1- കഴിഞ്ഞ പാഠങ്ങൾ വായിച്ചത് പ്രകാരം ഈ പാഠവും വായിക്കുക.

2- താ' ഇനെ കൂട്ടി വായിച്ചും നിർത്തി വായിച്ചും പരിശീലിക്കുക.

- കൂട്ടി വായിക്കുമ്പോൾ ഹറകതോടെ 'താ' ആയി തന്നെ വായിക്കുക.
- നിർത്തുമ്പോൾ സുകൂനുള്ള ഹാ ആയി വായിക്കുക.

## കെട്ടുള്ള താ

| നിർത്തുമ്പോൾ | കൂട്ടി വായിക്കുമ്പോൾ |
|---|---|
| عَالِيَهْ | عَالِيَةٍ |
| فِئَهْ | فِئَةٍ |

## കെട്ടുള്ള തായുടെ ഉദാഹരണങ്ങൾ

| | |
|---|---|
| تِسْعَةً | بَرَرَةٍ |
| زَجْرَةٌ | رِحْلَةً |
| صُورَةٍ | سَفَرَةٍ |
| قِسْمَةٌ | فِتْنَةٌ |
| نِعْمَةٍ | لَيْلَةٍ |

## പാഠം: പത്ത്

# ശംസിയ്യയും ഖമരിയ്യ യുമായ ലാമുകൾ

### ലക്ഷ്യങ്ങൾ

**ഈ പാഠം കഴിയുന്നതോടു കൂടി വിദ്യാർത്ഥി അല്ലാഹുവിന്റെ സഹായത്താൽ ഈ കാര്യങ്ങൾക്ക് പ്രാപ്തനായിരിക്കും :-**

- ശംസിയായ ലാമും ഖമരിയായ ലാമും തിരിച്ചറിയുക.
- ശരിയായ രീതിയിൽ ശംസിയായ ലാമും ഖമരിയായ ലാമും വായിക്കുക.

## അദ്ധ്യാപകനുള്ള നിർദേശങ്ങൾ

**ലാം ഖമരിയ്യ :** ഒരു വാക്കിന്റെ ആദ്യത്തിൽ ഹംസതുൽ വസ് ലിന് ശേഷം വരുന്ന ലാം. ഈ ലാം എഴുതപ്പെടുകയും വായിക്കപ്പെടുകയും ചെയ്യും.

**ലാം ശംസിയ്യ :** ഒരു വാക്കിന്റെ ആദ്യത്തിൽ ഹംസതുൽ വസ് ലിന് ശേഷം വരുന്ന ലാം. അത് എഴുതപ്പെടുമെങ്കിലും അത് വായനയിൽ പ്രകടമാകില്ല.

**ലാം ഖമരിയയും ലാം ശംസിയ്യയും എങ്ങനെ വേർതിരിച്ചറിയാം?**

- ലാമിനെ വായിക്കാൻ കഴിയുകയാണെങ്കിൽ അത് ലാം ഖമരിയ്യ ആണ്.
- ലാമിനെ വായിക്കാൻ കഴിയുന്നില്ലായെങ്കിൽ അത് ലാം ശംസിയ ആണ്.

---

### ❖ വായിക്കേണ്ട രീതി

### പാഠം ഒന്നിന്റെ വിശദീകരണം ( പേജ് 79)

1- ലാം ഖമരിയ്യക്ക് മുമ്പുള്ള ഹംസതുൽ വസ് ലിന് മുന്നേ ഒരു അക്ഷരവും ഇല്ലായെങ്കിൽ : ഹംസക്ക് ഫത്ഹും ലാമിൻ സുകൂനും കൊടുത്ത് വായിക്കുക (أَلْ)

2- ലാം ഖമരിയ്യക്ക് മുമ്പുള്ള ഹംസതുൽ വസ് ലിന് മുമ്പ് വേറെ അക്ഷരമുണ്ടെങ്കിൽ ഹംസതുൽ വസ് ലിനെ വായിക്കാതെ അതിന് മുമ്പുള്ള അക്ഷരവും ലാം ഖമരിയ്യ യും ചേർത്ത് വായിക്കുക(وَلْ)

3- മുകളിൽ പറഞ്ഞ പോലെ മറ്റു ഉദാഹരണങ്ങളും വായിക്കുക.

---

### പാഠം രണ്ടിന്റെ വിശദീകരണം (പേജ് 80)

1-ലാം ഷംസിയ്യക്ക് മുമ്പുള്ള ഹംസതുൽ വസ് ലിന് മുന്നേ ഒരു അക്ഷരവും ഇല്ലായെങ്കിൽ : ഹംസക്ക് ഫത്ഹ നൽകുകയും അതിന് ശേഷമുള്ള ശദയുള്ള അക്ഷരത്തെ ഹംസയുമായി ചേർത്ത് വായിക്കുകയും ചെയുക , ലാം അവിടെ വായനയിൽ വ്യക്തമാവുകയില്ല . (السَّمَاءُ) എന്നത് (أَسَّمَاء) എന്നാണ് വായിക്കുക .

2-ഇനി ലാം ശംസിയ്യ ക്ക് മുമ്പ് ഏതെങ്കിലും അക്ഷരമുണ്ടെങ്കിൽ ആ അക്ഷരം ലാമിൻ ശേഷമുള്ള ശദയുള്ള അക്ഷരവുമായി ചേർത്ത് വായിക്കുക. ലാമും ഹംസയും ഈ അവസരത്തിൽ വായനയിൽ വ്യക്തമാവുകയില്ല . (والسَّمَاءُ) എന്ന വാക്ക് (وسَّمَاء) എന്നാണ് വായിക്കുക .

3- മുകളിൽ പറഞ്ഞ പോലെ മറ്റു ഉദാഹരണങ്ങളും വായിക്കുക.

**ശ്രദ്ധിക്കുക :--**

1- ലാം ശംസിയ്യക്കോ ലാം ഖമരിയ്യക്കോ മുമ്പ് ലാം വരികയാണെങ്കിൽ അവിടെ ഹംസതുൽ വസ്ൽ എഴുതുകയും വായിക്കുകയുമില്ല. ഉദാ : (لِلْقَمر) (لِلْناس).

2- ലാം ശംസിയ്യയുടെ മുമ്പ് ലാം വരികയും എന്നിട്ട് അത് ലാം കൊണ്ട് തുടങ്ങുന്ന ഒരു വാക്കിൽ പ്രവേശിക്കുകയും ചെയ്താൽ : ലാമും ഹംസതുൽ വസ് ലും എഴുതുകയും വായിക്കുകയുമില്ല. ഉദാ : (لِلِّسان)

## പാഠം: 1
## ഖമരിയ്യയായ ലാം

| | |
|---|---|
| اَلْعَصْرِ | وَالْعَصْرِ |
| اَلْقَلَمِ | وَالْقَلَمِ |

### ഖമരിയ്യയായ ലാമിന്റെ ഉദാഹരണങ്ങൾ

| | |
|---|---|
| وَالْبَحْرِ | اَلْجَمْعُ |
| وَالْحَمْدُ | وَالْخَيْلَ |
| اَلْغَضَبُ | وَالْفَجْرِ |
| اَلْكَرْبِ | اَلْمُلْكُ |
| اَلْوَعْدُ | اَلْيَمِينِ |

## പാഠം 2

# ശംസിയ്യയായ ലാം

| | |
|---|---|
| وَالرُّوحُ | الرُّوحُ |
| وَالضُّحَى | الضُّحَى |

### ശംസിയ്യയായ ലാമിന്റെ ഉദാഹരണങ്ങൾ

| | |
|---|---|
| الـثَّابِتِ | الـتَّغَابُنِ |
| الـذَّهَبَ | الـدُّعَاءَ |
| الشِّمَالِ | وَالسَّاعَةُ |
| وَالطُّورِ | الصَّمَدُ |
| الـنُّورِ | وَالظَّاهِرُ |

പാഠം: പതിനൊന്ന്

# വാക്കുകൾ വായിക്കുക

## ലക്ഷ്യങ്ങൾ

**ഈ പാഠം കഴിയുന്നതോടു കൂടി വിദ്യാർത്ഥി അല്ലാഹുവിന്റെ സഹായത്താൽ ഈ കാര്യങ്ങൾക്ക് പ്രാപ്തനായിരിക്കും :-**

- വാക്കുകളും വാക്യങ്ങളും ഖണ്ഡികങ്ങളും തെറ്റു കൂടാതെ വായിക്കുക.

## അദ്ധ്യാപകനുള്ള നിർദേശങ്ങൾ

❖ വായിക്കേണ്ട രീതി :

ഒന്ന് മുതൽ അഞ്ച് വരെയുള്ള പാഠങ്ങളുടെ വിശദീകരണം (പേജ് : 83,84,85,86,87)

1- കഴിഞ്ഞ പാഠങ്ങളിൽ പറഞ്ഞത് പ്രകാരം വിദ്യാർത്ഥി ആദ്യ വാക്ക് വായിക്കുക.
2- കഴിഞ്ഞ പാഠങ്ങളിൽ പറഞ്ഞത് പ്രകാരം രണ്ടാമത്തെ വാക്കും വായിക്കുക.
3-രണ്ട് വാക്കുകൾ കൊണ്ടുള്ള ഉദാഹരണമാണെങ്കിൽ: ആദ്യവാക്ക് വായിക്കുകയും പിന്നീട് രണ്ടാമത്തേത് ചേർത്തി വായിക്കുകയും ചെയ്യുക.
4-ഇനി മുന്ന് വാക്കുകൾ കൊണ്ടുള്ള ഉദാഹരണമാണെങ്കിൽ ആദ്യവാക്ക് വായിക്കുകയും പിന്നീട് രണ്ടാമത്തേത്,മൂന്നാമത്തെത് എന്നിങ്ങനെ വായിക്കുകയും, ശേഷം എല്ലാം ഒരുമിച്ച് വായിക്കുകയും ചെയ്യുക.
5- ഇനി നാലുവാക്കുകൾ കൊണ്ടുള്ള ഉദാഹരണമാണെങ്കിൽ ആദ്യത്തെയും രണ്ടാമത്തേതും ചേർത്തി വായിക്കുകയും, മൂന്നാമത്തതും നാലാമത്തെതും ചേർത്ത് വായിക്കുകയും. പിന്നീട് എല്ലാം ഒരുമിച്ച് വായിക്കുകയും ചെയ്യുക.
6- നാലിലധികം വാക്കുകൾ അടങ്ങിയ ഉദാഹണമാണെങ്കിൽ മേൽപറഞ്ഞ പ്രകാരം തന്നെ വായിക്കുക.

---

ശ്രദ്ധിക്കുക:

1- ഒരു വാക്കിന്റെ അവസാനത്തിൽ ഹറകതുള്ള ഒരക്ഷരത്തിന് ശേഷം മദ്ദിന്റെ അക്ഷരം വരികയും, അടുത്ത വാക്കിന്റെ ആദ്യത്തിൽ സുക്കുനുള്ള ഒരക്ഷരം വരികയും ചെയ്താൽ: അവ കൂട്ടി വായിക്കുമ്പോൾ ആദ്യത്തെ വാക്കിലെ ഹംസ വായിക്കുകയില്ല.
ഉദാ : ( وأقيموا الصلاة) ഇവിടെ മീമിന് ദമ്മ വരികയും അതിന് ശേഷം രണ്ട് സുകൂനുള്ള അക്ഷരങ്ങൾ വരികയും (و- ص ) ചെയ്തപ്പോൾ വാവിനെ വായിക്കാതെ ഓതണം. (وأقيمُصَّلاة) എന്നാണ് വായിക്കുക . ഈ അവസരത്തിൽ ബഹുവചനത്തെ സൂചിപ്പിക്കുന്ന വാവിന് ശേഷമുള്ള അലിഫും, ഹംസത്തു വസലും, ലാം ശംസിയ്യയും വായിക്കുകയില്ല.
ഉദാ : (ذا القُرْبَى) ഇവിടെ ദാലിന് ഫത്ഹ വരികയും അതിന് ശേഷം രണ്ട് സുകൂനുള്ള അക്ഷരങ്ങൾ വരികയും (ا - ل) ചെയ്തപ്പോൾ അലിഫ് വായിക്കാതെ (ذلقربى) എന്നാണ് വായിക്കുക.
2- (الله) എന്ന വാക്ക് അധികമായി ഉപയോഗിക്കുന്നതിനാൽ ലാമിന് ശേഷം അലിഫ് എഴുതുകയില്ല എങ്കിലും അത് നീട്ടി ( اللاه) എന്നാണ് വായിക്കേണ്ടത്.
3- (إله) എന്നതും അധികമായി ഉപയോഗിക്കുന്നതിനാൽ ലാമിനു ശേഷവും അലിഫ് എഴുതപ്പെടുകയില്ല എന്നാൽ (إلاه) എന്നാണ് വായിക്കേണ്ടത്.
4- (الرحمن) എന്ന വാക്കും അധികമായി ഉപയോഗിക്കുന്നതിനാൽ മീമിന് ശേഷം അലിഫ് എഴുതപ്പെടുകയില്ല എങ്കിലും അത് നീട്ടി (الرحمان) എന്നാണ് വായിക്കേണ്ടത്.

**പാഠം ഒന്ന്**

**രണ്ട് വാക്കകൾ ഒരുമിച്ച് വായിക്കുന്നതിന്റെ ഉദാഹരണങ്ങൾ**

| |
|---|
| اللّٰهُ رَبِّـي |
| الْإِسْلَامُ دِينِـي |
| مُـحَمَّدٌ نَبِيِّـي |
| الْـحَيُّ الْقَيُّومُ |
| الْعَزِيزُ الْـحَكِيمُ |
| الدِّينُ النَّصِيحَةُ |
| وَبِالْوَالِدَيْنِ إِحْسَاناً |

## പാഠം 2
## മൂന്ന് വാക്കുകൾ ഒരുമിച്ച് വായിക്കുന്നതിന്റെ ഉദാഹരണങ്ങൾ

| |
|---|
| اللّٰهُ فِـي السَّمَاءِ |
| مَالِكِ يَوْمِ الدِّينِ |
| وَإِنَّ عَلَيْكُمْ لَـحَافِظِينَ |
| إِنَّهُ لَقُرْآنٌ كَرِيمٌ |
| اهْدِنَا الصِّرَاطَ الْمُسْتَقِيمَ |
| إِنَّمَا الْـمُؤْمِنُونَ إِخْوَةٌ |
| وَقُولُوا لِلنَّاسِ حُسْنًا |

## പാഠം 3

## നാലുവാക്കുകൾ ഒരുമിച്ച് വായിക്കുന്നതിന്റെ ഉദാഹരണങ്ങൾ

| |
|---|
| بِسْمِ اللّٰهِ الرَّحْـمَنِ الرَّحِيمِ |
| الْـحَمْدُ لِلّٰهِ رَبِّ الْعَالَمِينَ |
| إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ |
| وَأَطِيعُوا اللّٰهَ وَأَطِيعُوا الرَّسُولَ |
| وَأَقِيمُـوا الصَّلَاةَ وَآتُوا الزَّكَاةَ |
| أَسْتَغْفِرُ اللّٰهَ وَأَتُوبُ إِلَيْهِ |
| وَآتِ ذَا الْقُرْبَـى حَقَّهُ |

**പാഠം 4**

**ഒരു വാക്യം വായിക്കുന്നതന് ചില ഉദാഹരണങ്ങൾ**

| |
|---|
| وَمَا خَلَقْتُ الْـجِنَّ وَالْإِنْسَ إِلَّا لِيَعْبُدُونِ |
| وَقَالَ رَبُّكُمُ ادْعُونِـي أَسْتَجِبْ لَكُمْ |
| لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ |
| إِنَّ الدِّينَ عِنْدَ اللهِ الْإِسْلَامُ |
| خَيْرُكُمْ مَنْ تَعَلَّمَ الْقُرْآنَ وَعَلَّمَهُ |
| أَعُوذُ بِكَلِمَاتِ اللهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ |
| سُبْحَانَ اللهِ وَبِـحَمْدِهِ سُبْحَانَ اللهِ الْعَظِيمِ |

പാഠം 5
## ഖണ്ഡികകൾ വയിക്കുന്നതിനുള്ള ഉദാഹരണങ്ങൾ

الْإِسْلَامُ: أَنْ تَشْهَدَ أَنْ لَا إِلَهَ إِلَّا اللهُ، وَأَنَّ مُحَمَّداً رَسُولُ اللهِ، وَتُقِيمَ الصَّلَاةَ، وَتُؤْتِيَ الزَّكَاةَ، وَتَصُومَ رَمَضَانَ، وَتَحُجَّ الْبَيْتَ إِنِ اسْتَطَعْتَ إِلَيْهِ سَبِيلاً

الْإِيمَانُ: أَنْ تُؤْمِنَ بِاللهِ، وَمَلَائِكَتِهِ، وَكُتُبِهِ، وَرُسُلِهِ، وَالْيَوْمِ الْآخِرِ، وَتُؤْمِنَ بِالْقَدَرِ خَيْرِهِ وَشَرِّهِ

الْإِحْسَانُ: أَنْ تَعْبُدَ اللهَ كَأَنَّكَ تَرَاهُ، فَإِنْ لَمْ تَكُنْ تَرَاهُ فَإِنَّهُ يَرَاكَ

പാഠം : പന്ത്രണ്ട്

# ഖുർആനിലെ എഴുത്തിന്റെ ഭാവങ്ങൾ

## ലക്ഷ്യങ്ങൾ

**ഈ പാഠം കഴിയുന്നതോടു കൂടി വിദ്യാർത്ഥി അല്ലാഹുവിന്റെ സഹായത്താൽ ഈ കാര്യങ്ങൾക്ക് പ്രാപ്തനായിരിക്കും :-**

- ഖുർആനിലെ എഴുത്തിന്റെ ഭാവങ്ങൾ അറിഞ്ഞിരിക്കുക.
- റസ്മുൽ ഉസ്മാനിയും ആധുനിക എഴുത്തും വേർതിരിച്ച് മനസിലാക്കുക.

## ശ്രദ്ധിക്കുക

ഖുർആനിലെ ലിപി ഇന്ന് നമ്മൾ ഉപയോഗിക്കുന്ന എഴുത്തുമായി ചില വാക്കുകളിലും ഹറകതുകളിലും വ്യത്യാസമുണ്ട്.

## അദ്ധ്യാപകനുള്ള നിർദേശങ്ങൾ

**ചെറിയ ഹാ ന്റെ തല' (بۡ):**
ഒരു അക്ഷരത്തിനു സുകൂന് ആണെന്ന് സൂചിപ്പിക്കുന്നു . സുകൂനിന്റെ പാഠത്തിൽ പറഞ്ഞ പോലെ വായിക്കുക.

**ഹംസത്തുൽ വസ്‌ലിന്റെ മുകളിൽ കാണപ്പെടുന്ന ചെറിയ സ്വാദ് (ٱ):**
ഹംസയെ ഹംസത്തു വസൽ ആണെന്ന് സൂചിപ്പിക്കുന്നു , ഹംസത്തുൽ വസ് ലിന്റെ പാഠത്തിൽ പറഞ്ഞ പോലെ വായിക്കുക.

**നീട്ടാനുള്ള അടയാളം (ٓ):** സാധാരണ ഒരു മദ്ദിന്റെ അക്ഷരം നീട്ടുന്നതിനേക്കാൾ നീട്ടണം എന്ന് സൂചിപ്പിക്കുന്നു.

**ഹംസയുടെ ശേഷം വരുന്ന അലിഫ് (اۦ):**
അത് ഇങ്ങനെയാണ് വായിക്കുന്നത് (آ), ഇതിനെ മദ്ദ് ബദൽ എന്നും വിളിക്കുന്നു. സാധാരണ മദ്ദുകളുടെ പാഠത്തിൽ പറഞ്ഞ പോലെ വായിക്കുക.

**വലിയ അക്ഷരങ്ങൾക്ക് ശേഷം മദ്ദിന്റെ അക്ഷരങ്ങൾ ചെറുതായി വരുന്നത്: ( ۏ - ـهٗ - ـهۦ ):**
അവ രണ്ടും ഒരുമിച്ച് വായിക്കണം എന്നാണത് സൂചിപ്പിക്കുന്നത്. സാധാരണ മദ്ദിന്റെ പാഠത്തിൽ പറഞ്ഞ പോലെ വായിക്കുക.

**വലിയ അക്ഷരങ്ങൾക് മുകളിൽ കാണുന്ന ചെറിയ അലിഫും സീനും (وٰ) (صۜ) :** ചെറിയ അക്ഷരങ്ങളാണ വായിക്കേണ്ടത് എന്ന് സൂചിപ്പിക്കുന്നു.

**അലിഫിന്റെ മുകളിലുള്ള നീണ്ട വട്ടം (اۡ):**
നിർത്തുമ്പോൾ അലിഫായി വായിക്കുകയും , കൂട്ടി വായിക്കുമ്പോൾ ഉച്ചരിക്കുകയുമില്ലെന്ന് സൂചിപ്പിക്കുന്നു.

**ബലഹീനമായ അക്ഷരങ്ങളുടെ മുകളിൽ കാണപ്പെടുന്ന പൂർണ്ണ വട്ടം (يْ - وْ - اْ) :** പ്രസ്തുത അക്ഷരം വായിക്കുകയില്ല എന്ന് സൂചിപ്പിക്കുന്നു.

---

**ശ്രദ്ധിക്കുക :** -കഴിഞ്ഞ പാഠങ്ങളിലെ ഉദാഹരണങ്ങൾ വായിച്ച പോലെ ഈ പാഠത്തിലെയും വായിക്കേണ്ടതാണ്.

മനസ്സിലാക്കുക : ഖുർആൻ ലിപിയിൽ യാ അവസാനം രണ്ട് പുള്ളിയില്ലാതെ (ى) ഈ രൂപത്തിലാണ് എഴുതപ്പെട്ടിട്ടുള്ളത്.

ഈ യാഉം അലിഫ് മഖ്സൂറ എങ്ങനെ വേർതിരിച്ച് മനസ്സിലാക്കാം :

1-അതിന് ഫത്ഹയോ(نَسِىَ) കസ്റയോ (يُحْىِ) ദമ്മയോ (بَغْىُ) , ചെറിയ ح യോ (اثْنَى) നൽകപ്പെട്ടിട്ടുണ്ടെങ്കിൽ അത് യാ ആണ്.

2-ഇനി അതിൽ ഏതെങ്കിലും ഒരു ഹറകത്തോ ചെറിയ ഹായോ നൽകപ്പെട്ടിട്ടില്ലെങ്കിൽ അതിൻറെ മുന്നേയുള്ള അക്ഷരത്തിന്റെ ഹറക്കത്തിലേക്ക് നോക്കുക , അതിന് കസ്റ യാണെങ്കിൽ അത് യാ ആണ് (عِبادِى)പോലെ. അതിന് ഫത്ഹ യാണെങ്കിൽ അത് അലിഫ് മഖ്സൂറ ആണ് (هُدَى)എന്നത് പോലെ.

## പാഠം 1
## ചെറിയ ഹാ യുടെ തല

ـٰۡ

ചെറിയ ഹാ യുടെ തല പോലെയുള്ളത്തിന് ഉദാഹരണങ്ങൾ

حَبْلٌ خَلْفٌ طَلْعٌ
قَبْلُ نَـحْنُ وَجْهِ

## പാഠം 2
## ചെറിയ സ്വാദിന്റെ തല

ചെറിയ സ്വാദിന്റെ തല പോലെയുള്ളത്തിന് ഉദാഹരണങ്ങൾ

وَٱلْبَلَدُ وَٱلـتِّينِ وَٱلشَّجَرِ
ٱلصَّيْفِ وَٱلطَّارِقِ ٱلنَّاسِ

## പാഠം 3

## ~ വലിയ നീട്ടാനുള്ള അടയാളം

~ വലിയ നീട്ടാനുള്ള അടയാളത്തിന് ഉദാഹരണങ്ങൾ

| | | |
|---|---|---|
| جَآءَ | ٱلضَّآلِّينَ | فِدَآءً |
| قُرُوٓءٍ | مَآئِدَةً | هَـٰٓؤُلَآءِ |

## പാഠം 4

## اَء ഹംസക്കു ശേഷം വരുന്ന അലിഫ്

اَء ഹംസക്കു ശേഷം വരുന്ന അലിഫിനു ഉദാഹരണങ്ങൾ

| رَسْمُ الْمُصْحَفِ | قِرَاءَتُهَا |
|---|---|
| وَءَاتِ | وَآتِ |
| ءَادَمُ | آدَمُ |
| ءَامَنُواْ | آمَنُواْ |
| ٱلْقُرْءَانُ | ٱلْقُرْآنُ |

## പാഠം 5

## വലിയ അക്ഷരങ്ങൾക്ക് ശേഷം വരുന്ന ചെറിയ അക്ഷരങ്ങൾ

ا و ے

ചെറിയ അലിഫിന്റെ ഉദാഹരണങ്ങൾ ا

ذَٰلِكَ لَٰكِنِ مَلَٰٓئِكَةُ

هَٰذَا وَٰعَدْنَا يَٰٓأَيُّهَا

ചെറിയ വാവിന്റെ ഉദാഹരണങ്ങൾ و

بَعْدَهُۥ حَمْلُهُۥ دَاوُۥدَ

كَأَنَّهُۥ نِعْمَتَهُۥ وَعْدَهُۥ

ചെറിയ യാഇന്റെ ഉദാഹരണങ്ങൾ ے

دُونِهِۦ رَحْمَتِهِۦ سَبِيلِهِۦ

طَعَامِهِۦ ظَهْرِهِۦ وَرَآئِهِۦ

## പാഠം 6:
## വലിയ അക്ഷരങ്ങളുടെ മുകളിൽ വരുന്ന ചെറിയ അലിഫും സീനും

ا - س

വലിയ അക്ഷരങ്ങളുടെ മുകളിൽ ചെറിയ അക്ഷരങ്ങൾ വരുന്നതിന് ഉദാഹരണങ്ങൾ

ٱلْحَيَوٰةَ   ٱلزَّكَوٰةَ   ٱلصَّلَوٰةَ

كَمِشْكَوٰةٍ   مَوْلَىٰهُ   يَبْصُۜطُ

## പാഠം 7:
## ۟ നീളത്തിലുള്ള വട്ടം

۟

നീളത്തിലുള്ള വട്ടത്തിന് ഉദാഹരണങ്ങൾ

أَنَا۠   ٱلرَّسُولَا۠   ٱلسَّبِيلَا۠

ٱلظُّنُونَا۠   قَوَارِيرَا۟   لَّٰكِنَّا۠

# ٥ പാഠം 8:
## പൂർണ്ണ വട്ടം

٥ പൂർണ്ണ വട്ടതിന് ഉദാഹരണങ്ങൾ

| | | |
|---|---|---|
| أُوْلَـٰٓئِكَ | ثَمُودَاْ | قَالُواْ |
| مِاْئَةَ | نَبَإِىْ | يَتْلُواْ |

പാഠം: പതിമൂന്ന്

# അക്കങ്ങൾ

## ലക്ഷ്യങ്ങൾ

**ഈ പാഠം കഴിയുന്നതോടു കൂടി വിദ്യാർത്ഥി അല്ലാഹുവിന്റെ സഹായത്താൽ ഈ കാര്യങ്ങൾക്ക് പ്രാപ്തനായിരിക്കും :-**

- അക്കങ്ങൾ ശരിയായി വായിക്കുക.

## അദ്ധ്യാപകനുള്ള നിർദേശങ്ങൾ

താഴെ നൽകിയിരിക്കുന്ന രീതിയിൽ വിദ്യാർഥികൾ അക്കങ്ങൾ വായിക്കേണ്ടതാണ്

| | | | | | |
|---|---|---|---|---|---|
| ഇസ്നാൻ | ٢ | വാഹിദ് | ١ | സ്വിഫ്ർ | ٠ |
| ഖംസ | ٥ | അർബഅ | ٤ | സലാസ | ٣ |
| സമാനിയ | ٨ | സബ്അ | ٧ | സിത്ത | ٦ |
| അഹദ-അഷർ | ١١ | അഷറ | ١٠ | തിസ്അ | ٩ |
| അർബഅത അഷർ | ١٤ | സലാസത അഷർ | ١٣ | ഇത്നാ അ ഷർ | ١٢ |
| സബ്അത അഷർ | ١٧ | സിത്തത അഷർ | ١٦ | ഖംസത അഷർ | ١٥ |
| ഇഷ്റൂൻ | ٢٠ | തിസ്അത അഷർ | ١٩ | തമാനിയത അഷർ | ١٨ |


# അക്കങ്ങൾ

| | | |
|---|---|---|
| 2 ٢ | 1 ١ | 0 ٠ |
| 5 ٥ | 4 ٤ | 3 ٣ |
| 8 ٨ | 7 ٧ | 6 ٦ |
| 11 ١١ | 10 ١٠ | 9 ٩ |
| 14 ١٤ | 13 ١٣ | 12 ١٢ |
| 17 ١٧ | 16 ١٦ | 15 ١٥ |
| 20 ٢٠ | 19 ١٩ | 18 ١٨ |

# ഉള്ളടക്കം


| | |
|---|---|
| **ആമുഖം** | **5** |
| ഗ്രന്ഥകർത്താവിന് പറയാനുള്ളത് | 6 |
| അൽ ഖാഇദത്തുൽ മദനിയ്യ യുടെ സവിശേഷതകൾ | 8 |
| അൽ ഖാഇദത്തുൽ മദനിയ്യ യുടെ ലക്ഷ്യങ്ങൾ | 9 |
| പാഠ്യപദ്ധതി ക്രമീകരണം | 10 |
| മുഖവുര | 11 |
| പാഠം ഒന്ന്: അറബി അക്ഷരങ്ങൾ | 13 |
| പാഠം രണ്ട്: ഹറകത്തുകളോടും സുകൂനോടും കൂടിയ അക്ഷരങ്ങൾ | 21 |
| പാഠം മൂന്ന്: അക്ഷരങ്ങൾ തൻവീനോട് കൂടി | 35 |
| പാഠം നാല്: അക്ഷരങ്ങൾ ഹറകത്തോടും ശദ്ധയോടും കൂടി | 43 |
| പാഠം അഞ്ച്: അക്ഷരങ്ങൾ ശദ്ധയോടും തൻവീനോടും കൂടി | 51 |
| പാഠം ആറ്: രണ്ട് തരം ഹംസകൾ | 61 |
| പാഠം ഏഴ് : സാധാരണ നീട്ടേണ്ട മദ്ദ് | 65 |
| പാഠം എട്ട്: ബഹുവചനതെ സൂചിപ്പിക്കുന്ന വാവിന് ശേഷമുള്ള അലിഫ് | 69 |
| പാഠം ഒമ്പത്: കെട്ടുള്ള താ | 73 |
| പാഠം പത്ത്: ശംസിയ്യയും ഖമരിയ്യയുമായ ലാമുകൾ | 77 |
| പാഠം പതിനൊന്ന്: വാക്കുകൾ വായിക്കുക | 81 |
| പാഠം പന്ത്രണ്ട് : ഖുർആനിലെ എഴുത്തിന്റെ ഭാവങ്ങൾ | 89 |
| പാഠം പതിമൂന്ന്: അക്കങ്ങൾ | 97 |


പ്രസാദകർ : ത്വാലിബുൽ ഇൽമ് ഫൗണ്ടേഷൻ
00966506090448




## ഞങ്ങളുടെ റിലീസുകളുടെ

# അൽ ഖാഇദതുൽ മദനിയ്യ

- അറബി ഭാഷ വേഗത്തിൽ വായിച്ചു പഠിക്കാൻ ഏറ്റവും ലളിതമായ മാർഗം.
- കുട്ടികൾക്കും മുതിർന്നവർക്കും പ്രയോജനപ്പെടുന്നത്.
- ലളിതമായ ശൈലിയും ശാസ്ത്രീയമായ രീതിയും.
- ലളിതമായ ധാരാളം ഉദാഹരണങ്ങൾ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയിരിക്കുന്നു.
- ഖാഇദയുടെ ആപ്ലിക്കേഷൻ ഉപയോഗിച്ച് കേട്ടു പഠിക്കാനുള്ള സൗകര്യം.
- വായന പഠിച്ചവർക്ക് എഴുത്തു പഠിക്കാൻ പ്രത്യേകം പുസ്തകം ഇതിന് ശേഷം തയ്യാറാക്കിയിരിക്കുന്നു.
- വിജയകരമായി പഠിപ്പിക്കാൻ അധ്യാപകരെ സഹായിക്കുന്ന നിർദേശങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

ISBN: